# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/എം.1/1281/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 18/09/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/എം.1/1281/2023 തീയ്യതി: 18/09/2023

# കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 18-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2023 | 26-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-07-2023 | 26-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ്
ശ്രീമതി.രബിത.ടി.പി.,ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ.ആർ.കെ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.വിജേഷ്.കെ.കെ, ഓഡിറ്റർ,
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഇന്ദിര ഏറാടിയിൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സതീശൻ.സി.പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജു.ബി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ.എൻ.അബ്ദുൾ നാസിർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.അബ്ദുൾ ജമാൽ.സി.പി | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മഞ്ജുള.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബവിത | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ശിവപ്രസാദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 29-11-2022 |
| ശ്രീമതി.രഞ്ജു സുരേന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 30-11-2022 | 31-03-2023 |
| ശ്രീമതി.സുബൈദ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 03-07-2022 |
| ശ്രീമതി.പ്രസന്ന | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 04-07-2022 | 28-10-2022 |
| ശ്രീമതി.ദിവ്യ.ടി.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 29-10-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.ശ്രീവിദ്യ.എം.കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അബ്ദുറഹിമാൻ.എം.കെ | ഹെഡ് മാസ്റ്റർ, ജി.എം.എൽ.പി സ്കൂൾ, പൂനൂർ | 01-04-2022 | 31-03-2023 |
| ശ്രീ.നവാസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 20-07-2022 |
| ശ്രീ.വിശാന്ത് | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ | 1-1-1 |
| 3 | ക്യാഷ് ഫ്ളോ പത്രിക-അപാകത | 1-1-2 |
| 4 | ബാങ്ക് റിക്കൺസിലിയേഷൻ-അപാകത | 1-1-3 |
| 5 | കാലാവധി കഴിഞ്ഞ ചെക്കുകൾ സേറ്റേൽ ചെക്ക് ഹെഡിലേക്ക് മാറ്റിയില്ല | 1-1-4 |
| 6 | വരവ് തുകകളെ സാധൂകരിക്കുന്ന രേഖകൾ/രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-5 |
| 7 | കാലികമാക്കാത്ത രജിസ്റ്ററുകൾ | 1-1-6 |
| 8 | ഡിമാന്റ് എന്ട്രികൾ സമയബന്ധിതമായി ഡിമാന്റായി ഉൾപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | ലെഡ്ജർ ബാലൻസ് രേഖപ്പെടുത്തൽ-അപാകത | 1-1-8 |
| 10 | ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ-നീക്കിയിരിപ്പ് വ്യക്തതയില്ല | 1-1-9 |
| 11 | പഞ്ചായത്ത് ഫണ്ട് നീക്കിയിരിപ്പ്- കൃത്യതയില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 17 | ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ | 1-7 |
| 18 | എം.ജി.എൻ.ആർ.ഇ.ജി.എ മെറ്റീരിയൽ വർക്ക്- ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കാത്തത് സംമ്പന്ധിച്ച് | 1-8 |
| 19 | അനർഹരായവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യുന്നില്ല-സർക്കാരിന് ലക്ഷങ്ങളുടെ നഷ്ടം | 1-9 |
| 20 | വലിയ തുക സേവിഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു-പഞ്ചായത്തിന് പലിശയിനത്തിൽ ലക്ഷങ്ങളുടെ വരവ് നഷ്ടം | 1-10 |
| 21 | തൊഴിൽ നികുതി അപാകതകൾ | 1-11 |
| 22 | കമ്മ്യൂണിറ്റി ഹാൾ-വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച അപാകതകൾ | 1-12 |
| 23 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 1-13 |
| 24 | ബാങ്ക് റീകൺസിലിയേഷൻ ചെയ്യതിലെ അപാകതകൾ | 1-14 |
| 25 | വസ്തുനികുതി- തറവിസ്തീർണ്ണാടിസ്ഥാനത്തിൽ വർഗ്ഗീകരണം നടത്തിയില്ല. | 1-15 |
| 26 | കരാർ വയ്ക്കാൻ കാലതാമസം. പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല | 1-16 |

| | | |
|---|---|---|
| 27 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല | 1-17 |
| 28 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തു. | 1-18 |
| 29 | ഉറവിട മാലിന്യ സംസ്കരണത്തിന് റിങ് കമ്പോസ്റ്റ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-19 |
| 30 | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-20 |
| 31 | ഉമ്മിണി കുന്ന് പാടശേഖരസമിതിക്ക് പമ്പ് സെറ്റ് വാങ്ങൽ- അപാകതകൾ | 1-21 |
| 32 | എം.സി.എഫ്.നിർമ്മാണം, പദ്ധതി തുക പാഴാകുന്നു | 1-22 |
| 33 | മാലിന്യ സംസ്കരണ സംവിധാനം പര്യാപ്തമല്ല | 1-23 |
| 34 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-24 |
| 35 | പഠനമുറി - ഗുണഭോക്താവിന് ആദ്യഗഡു ലഭിച്ചിട്ടില്ല | 1-25 |
| 36 | സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ - ആർട്ട് കോയുടെ പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത ഫർണിച്ചറുകൾ ടെണ്ടർ നടപടിക്രമം ഇല്ലാതെ വാങ്ങി. | 1-26 |
| 37 | ബഡ്സ് സ്കൂൾ - ചുറ്റുമതിൽ നിർമ്മാണം സംബന്ധിച്ച് | 1-27 |
| 38 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല | 1-28 |
| 39 | പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം-നടപടികൾ സ്വീകരിക്കുന്നില്ല. | 1-29 |
| 40 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 1-30 |
| 41 | അഡ്വാൻസ് ക്രമീകരിക്കുന്നതിലെ അപാകത | 1-31 |
| 42 | ഡെപ്പോസിറ്റ് രജിസ്റ്റർ ഓപ്പണിങ് ബാലൻസ്- വിശദാംശങ്ങൾ ലഭ്യമല്ല. | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കരാർ വയ്ക്കാൻ കാലതാമസം. പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല | 3-1 |
| 2 | പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയ്ക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 23.06.2023 തിയ്യതിയിലെ 1/1 തീരുമാന പ്രകാരം തയ്യാറാക്കി 27-06-2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഉണ്ണികുളം ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉണ്ണികുളം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ:- അടിസ്ഥാന അനുപാതങ്ങൾ, Notes On Accounts എന്നിവ. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-1-2 ക്യാഷ് ഫ്ളോ പത്രിക-അപാകത

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 ബാങ്ക് റിക്കൺസിലിയേഷൻ-അപാകത

ബാലൻസ് ഷീറ്റ് പ്രകാരമുള്ള എല്ലാ അക്കൗണ്ടുകളുടെയും പ്രതിമാസ റിക്കൺസിലിയേഷൻ ചെയ്തിട്ടില്ല. വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ B-17 പ്രകാരം “Treasury TSB Account No- 006” ആയി കാണിച്ചിരിക്കുന്ന അക്കൗണ്ടിൽ 55626/-രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. എന്നാൽ 31-03-2023ലെ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പില്ല. അതായത് ഈ അക്കൗണ്ട് റീക്കൺസിലിയേഷൻ ചെയ്തിട്ടില്ല.

1-1-4 കാലാവധി കഴിഞ്ഞ ചെക്കുകൾ സേറ്റേൽ ചെക്ക് ഹെഡിലേക്ക് മാറ്റിയില്ല

സ്ഥാപനം ഇഷ്യൂ ചെയ്ത് മൂന്ന് മാസത്തിലധികം കഴിഞ്ഞ ചെക്കുകൾ Stale Chequeഎന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|---|
| 1 | 2220735 | 01-10-22 | 172639 | 01-10-22 | 9000 |
| 2 | 2220912 | 17-11-22 | 172684 | 14-11-22 | 1573 |

1-1-5 വരവ് തുകകളെ സാധൂകരിക്കുന്ന രേഖകൾ/രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

വാർഷിക കണക്കിലെ ചുവടെ കൊടുത്ത വരവ് തുകകളെ സാധൂകരിക്കുന്ന രേഖകൾ/രജിസ്റ്ററുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| RP-5പ്രകാരം വരവ് | തുക |
|---|---|
| Receipt From Sale Of Timber | 3600 |
| Receipt From Sale Of Tender Form | 293692 |
| Receipt From Sale Of Scrap | 12600 |
| Receipt From Aauction Of Absolate Asset | 15000 |

1-1-6 കാലികമാക്കാത്ത രജിസ്റ്ററുകൾ

ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്താവുന്ന രീതിയിൽ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

1-1-7 ഡിമാന്റ് എന്ട്രികൾ സമയബന്ധിതമായി ഡിമാന്റായി ഉൾപ്പെടുത്തുന്നില്ല.

സമയബന്ധിതമായി ഡിമാന്റ് എന്ട്രികൾ രേഖപ്പെടുത്തുന്നില്ല. ഇവിടെ വർഷാദ്യം ചെയ്യേണ്ട ഡിമാന്റ് എൻട്രികൾ ഡിസംബർ മാസമാണ് ഡിമാന്റായി കൊണ്ടുവന്നിട്ടുള്ളത്.

1-1-8 ലെഡ്ജർ ബാലൻസ് രേഖപ്പെടുത്തൽ-അപാകത

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട ഒരു രജിസ്റ്ററുകളും തമ്മിൽ പ്രതി മാസം പൊരുത്തപ്പെടുത്തുന്നില്ല.

1-1-9 ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ-നീക്കിയിരിപ്പ് വ്യക്തതയില്ല

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ (B-4)ൽ ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 671705/-രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് ഏത് ഇനത്തിലെ ഗുണഭോക്തൃ വിഹിതമാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-10 പഞ്ചായത്ത് ഫണ്ട് നീക്കിയിരിപ്പ്- കൃത്യതയില്ല

പഞ്ചായത്തിൽ പ്ലാൻഫണ്ട് ചെലവഴിച്ച് സൃഷ്ടിക്കപ്പെട്ട ആസ്തികൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ഇതിനാൽ ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന പഞ്ചായത്ത് ഫണ്ട് നീക്കിയിരിപ്പ് യഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022 -23 വർഷത്തെ ബജറ്റ് 30/3/2022ലെ 1/1 നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 22/02/2023 ലെ 1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 52158687 |
| വരവ് | 62637451 |
| ആകെ | 114796138 |
| ചെലവ് | 58129410 |
| നീക്കിയിരിപ്പ് | 56666728 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-(ജനറൽ) (ACR പ്രകാരം) | 0 | 29869668 | 29869668 | 28639186 | 1230482 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 13139564 | 13139564 | 13139564 | 0 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 355868 | 355868 | 355868 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 14565000 | 14565000 | 13441952 | 1123048 |
| മെയിന്റനൻസ്,നോൺ-റോഡ് (ACR പ്രകാരം) | | 9789000 | 9789000 | 7660610 | 2128390 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 3136369 | 3136369 | 546528 | 2589841 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് PFMS മുഖേന | 2714666 | 7981000 | 10695666 | 6116738 | 4578928 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് PFMS മുഖേന | | 816987 | 5557836 (പലിശ ഉൾപ്പടെ) | 6374823 | 4578902 | 1795921 |
| സാക്ഷരത | | 10626 | 0 | 10626 | 119 | 10507 |
| ദുരിതാശ്വാസ നിധി | | 10038 | 402 | 10440 | 10440 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 64366587 | 64366587 | 64366587 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 30065 | 1305747 | 1335812 | 667023 | 668789 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ എസ്.എസ്.എ | | 461224 | 25855 | 487079 | 0 | 487079 |
| ഐ.സി.ഡി.എസ് | | 214532 | 3382216 | 3596748 | 1322197 | 2274551 |
| MPLAD | | 93625 | 819832 | 913457 | 814530 | 98927 |
| ശുചിത്വ മിഷൻ | | 5625725 | 0 | 5625725 | 3952018 | 1673707 |
| ടോട്ടൽ സാനിറ്റേഷൻ | | 2557769 | 0 | 2557769 | 0 | 2557769 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 291 | 162678214 | 220 | 71 | 75.6 % |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.2023 ന് 12.30 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12378/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ തനത് വരുമാനഫണ്ട് വിപുലീകരിക്കാവുന്നതാണ്. ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ വരവിനങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റ് നിരീക്ഷണങ്ങളും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും താഴെ ചേർക്കുന്നു.

### വസ്തുനികുതി വരവ്

വസ്തുനികുതി ഇനത്തിൽ സ്ഥാപനത്തിനു ലഭ്യമായ വരവ് താഴെ പട്ടികയിൽ ചേർക്കുന്നു.

| വർഷം | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| 2021-22 | 7980229 | 7769836 | |
| 2022-23 | 8739796 | 8465970 | |

2011 ലെ കേരള പഞ്ചായത്ത് രാജ് 203,208 (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കും ചതുരശ്ര മീറ്ററിനു 55 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. അപാകത ഖണ്ഡിക 1-15 ൽ പരാമർശിച്ചിട്ടുണ്ട്. 2022-23 വർഷം, വാർഡ് തലത്തിൽ വിവിധ കേന്ദ്രങ്ങളിൽ വാർഡ് ക്ലർക്ക്മാരുടെ നേതൃത്വത്തിൽ വീടുകൾ കയറി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തും നികുതി സമാഹരണം 100% ആക്കിയിട്ടുണ്ട്. സ്ഥാപനം അനധികൃത നിർമ്മാണം രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

2011 ലെ വസ്തുനികുതി ചട്ടപ്രകാരം 5 വർഷം കൂടുമ്പോൾ നിയമാനുസരണം നികുതി വർദ്ധിപ്പിക്കാവുന്നതാണ്. 22.03.2023 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 77/2023/എൽ.എസ്.ജി.ഡി പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുതുക്കി നിശ്ചയിക്കുന്നതിനും കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണത്തിന്റെ കരട് വിജ്ഞാപനം (20.05.2023ലെ 4473/2023 നമ്പർ) നടത്തിയിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിൽ 100 ച.മീ വരെയുള്ള വാണിജ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് 60 രൂപ നിരക്കിലും 100 ച.മീ മുകളിലുള്ള വാണിജ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് 80 രൂപ നിരക്കിലുമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് കെട്ടിടങ്ങളുടെ വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ, സിവിൽ, ഐ.ടി.ഐ സർവയർ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നതിനായി പത്രപരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. 2011-ലെ വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 7-ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

വസ്തുനികുതി അടവാക്കുന്നതിൽ നിന്ന് കെട്ടിടങ്ങൾ ഒഴിഞ്ഞ് പോകാതിരിക്കുന്നതിന് മറ്റേത് സ്ഥാപനങ്ങളിൽ നിന്നും ഒരു കെട്ടിടത്തെ സംബന്ധിച്ചുള്ള ഏതെങ്കിലും തരത്തിലുള്ള സേവനങ്ങൾ ലഭിക്കണമെങ്കിൽ പഞ്ചായത്തുകളിൽ ടി കെട്ടിടത്തിന്റെ നികുതി അടച്ചതിന്റെ രശീതി ഹാജരാക്കണം എന്നത് നിർബന്ധമാക്കണം എന്ന് മേൽ സേവനങ്ങൾ സംബന്ധിച്ച ചട്ടങ്ങളിൽ മാറ്റം വരുത്താൻ സർക്കാരിനോട് നിർദ്ദേശിക്കാവുന്നതാണ്.

തൊഴിൽ നികുതി വരവ്

തൊഴിൽ നികുതി ഇനത്തിൽ സ്ഥാപനത്തിനു ലഭ്യമായ വരവ് താഴെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| 2021-22 | 560820 | 560820 | 0 |
| 2022-23 | 517370 | 517370 | 0 |

തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് 2021-22 വർഷത്തെക്കാൾ കുറവാണ് 2022-23 വർത്തെ വരവ് തുക. ആയതിലെ അപാകതകൾ വിശദീകരിച്ചത് ഖണ്ഡിക 1-11 കാണുക.

തൊഴിൽ നികുതി- സ്ഥാപനങ്ങൾ, സ്വയം തൊഴിൽ കണ്ടെത്തിയവർ, പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വാർഡ് തലത്തിലുള്ള ഡാറ്റാബെയ്സ് ഉണ്ടാക്കി കാര്യക്ഷമമായി പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റതാക്കാവുന്നതാണ്. എല്ലാ മേഖലകളിലും സ്പാർക്ക് പോലുള്ള സോഫ്റ്റ് വെയറുകളിലൂടെ നേരിട്ട് തന്നെ തൊഴിൽ നികുതി കണക്കാക്കി അക്കൗണ്ടിൽ വരവ് വരുന്ന രീതി നടപ്പാക്കിയാൽ നികുതി പിരിവ് കാര്യക്ഷമമാകും. കണക്ക് കൃത്യമായി സമർപ്പിക്കാത്ത സ്ഥാപന മേധാവി/ ഉടമയ്ക്ക് പിഴ ചുമത്താവുന്നതാണ്.

ഓരോ അർദ്ധവർഷത്തിലും നിലവിലുള്ള അസസ്സ്മെന്റുകളുടെ നിശ്ചിത ശതമാനം പരിശോധന നടത്താവുന്നതാണ്. ഓരോ സ്ഥാപനത്തിനും ലോഗിൻ നൽകി അതിൽ ജീവനക്കാരുടെ വിവരങ്ങളും ഇടപാടുകളും സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തി നികുതി ഓൺലൈനായി അടക്കാവുന്നതും അതു വഴി ലൈസൻസ് നൽകാൻ സാധിക്കുന്നതുമാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ തുടങ്ങുന്ന ഏതൊരു സ്ഥാപനവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം എന്ന നിയമവും ചട്ടവും കാലികമായി നടപ്പിൽ വരുത്താവുന്നതാണ്. വിവിധ മേഖലകളിൽ സ്വയം തൊഴിൽ പ്രാക്ടീസ് ചെയ്ത് വരുന്നവരിൽ നിന്ന് വരുമാനത്തിന്റെ ആനുപാതികമായി ഒരു അർദ്ധവർഷത്തേക്ക് നിശ്ചിത തുക തൊഴിൽ നികുതിയായി അടവാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന തരത്തിൽ തൊഴിൽ നികുതി ചട്ടങ്ങൾ നടപ്പിൽ വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ), സ്വകാര്യ സ്കൂൾ / കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കേണ്ടതാണ്.

ലൈസൻസ് വരവ്

| വർഷം | ഡിമാന്റ് | കലക്ഷൻ | ബാലൻസ് | സ്ഥാപനങ്ങൾ |
|---|---|---|---|---|
| 2021-22 | 695100 | 695100 | 0 | 825 |
| 2022-23 | 722700 | 722700 | 0 | 887 |

ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് 2021-22 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-9ൽ പരാമർശിച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് വാർഡ് തിരിച്ച് ട്രെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഫീൽഡ് പരിശോധനയിലൂടെ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

വാടക

ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിൽ നിന്നും 2022-23 വർഷം 3,500/- രൂപ വരവുണ്ട്. വിശദ വിവരം ഖണ്ഡിക 1-12ൽ ചേർത്തിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് ബുക്കിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഓഡിറ്റോറിയം ബുക്കിംഗ്, തുക അടവാക്കൽ ഓൺലൈനാക്കുകയും വാടകയ്ക്ക് ബുക്കിംഗ് ചെയ്യുമ്പോൾ തന്നെ നിശ്ചിത തുക മുൻകൂർ സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം മുൻകൂർ ഈടാക്കുന്നതിലൂടെ ബുക്കിംഗ് ഏതെങ്കിലും സാഹചര്യത്തിൽ റദ്ദുചെയ്യാൻ ഇടവന്നാൽ ഗ്രാമപഞ്ചായത്തിന് ആ ദിവസത്തേക്ക് ലഭിക്കുമായിരുന്ന ബുക്കിംഗ് നഷ്ടപ്പെടുന്നതും ഇതുവഴി വരുമാന നഷ്ടം ഉണ്ടാകുന്നതും തടയാൻ സാധിക്കുന്നതാണ്. കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുന്നതിന് വ്യക്തമായ മാനദണ്ഡം നിശ്ചയിച്ച് യുക്തിസഹമായ വാടക നിരക്ക് കണക്കാക്കി ബൈലോ തയ്യാറാക്കേണ്ടതാണ്. ബുക്കിംഗ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ബുക്കിംഗ് കേൻസൽ ചെയ്യുന്നവരിൽ നിന്ന് നിശ്ചിത തുക ഈടാക്കി ബാക്കി മാത്രം തിരികെ നൽകേണ്ടതുമാണ്.

തുക അടവാക്കുന്നത് ഓൺലൈനാക്കാവുന്നതാണ്. നിലവിൽ ചുമത്തിയിരിക്കുന്ന മിക്ക പിഴത്തുകകളും വളരെ തുച്ഛമാണ്. പിഴത്തുക കൂട്ടാവുന്നതാണ്. കൂടാതെ മാലിന്യം നിക്ഷേപിക്കുന്നവരിൽ നിന്നും പിഴത്തുകകൾ ഈടാക്കാവുന്നതാണ്.

പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ് .

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ താഴെപ്പറയുന്ന നിരക്കുകളിൽ കുറവായിരിക്കുവാൻ പാടുള്ളതല്ല.

| | | |
|---|---|---|
| (എ) | ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പു ചവറുകൾ, പക്ഷിമൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്യ വസ്തുക്കൾ തുടങ്ങിയ ഖരമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തുനികുതിയുടെ 4% |
| (ബി) | ജലവിതരണം (തെരുവുടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3% |
| (സി) | തെരുവുവിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2% |
| (ഡി) | ഡ്രയിനേജ് (അഴുക്കു ചാൽ സംവിധാനം ഉൾപ്പെടെയുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 1% |

ഗ്രാമപഞ്ചായത്തിന്, ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത

പരിശോധിച്ച് അറിയിക്കേണ്ടതാണ്.

കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്

പഞ്ചായത്തിന്റെ പരിധിയിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അത്തരം കെട്ടിടങ്ങളുടെ സംഗതിയിൽ 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 2ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിൽ സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-8 എം.ജി.എൻ.ആർ.ഇ.ജി.എ മെറ്റീരിയൽ വർക്ക്- ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എ വാർഷിക പദ്ധതികൾ പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ ചമച്ചിട്ടുള്ളതും 2022-23 സാമ്പത്തിക വർഷം ചെലവ് വന്നിട്ടുള്ളതുമായ ചുവടെ പട്ടികയിൽ കൊടുത്ത മെറ്റീരിയൽ വർക്കുകളിൽ നിന്നും 2% ജി.എസ്.ടി, ടി.ഡി.എസ് ആയി ഈടാക്കാതെയാണ് ബിൽ തുക കരാറുകാർക്ക് നൽകിയിട്ടുള്ളത് എന്ന് കാണുന്നു.

| ക്രമ നം | മെറ്റീരിയൽ വർക്കിന്റെ പേര് , (കോഡ് നം.) | പ്രവൃത്തി ഏറ്റെടുത്ത വർഷം | ബിൽ നം (FTO Number & Date) | ബിൽ തുക (Total Bill Amount) | എം ബുക്ക് പ്രകാരം മെറ്റീരിയലിനായി ചെലവായ തുക | ഈടാക്കേണ്ട GST |
|---|---|---|---|---|---|---|
| 1 | കുനിയിൽ താഴെ കുന്നമ്മൽപടി റോഡ് (321299) | 2020-21 | 16667 (03-06-2022) | 462083 | 302452 | 6049 |
| 2 | കുനിയിൽ താഴെ കുന്നമ്മൽപടി റോഡ്-III (321301) | 2020-21 | 16667 (03-06-2022) | 444362 | 343901 | 6878 |
| 3 | നീരൊലിപ്പിൽ നെല്ലിക്കൽ റോഡ് (328297) | 2020-21 | 16160 (23-07-2022) | 41440 | 329811 | 6597 |

| | | | | | | |
|---|---|---|---|---|---|---|
| 4 | തോട്ട് കടവത്ത് റോഡ് (333418) | 2021-22 | 16408 (14-07-2022) | 240340 | 184770 | 3696 |
| 5 | ആലങ്ങാപ്പൊയിൽ കുന്നമ്മൽ മാവുള്ള കണ്ടി (332482) | 2021-22 | 16430 (14-07-2022) | 475903 | 370261 | 7046 |
| 6 | കലൻകണ്ടി കുളിക്കടവ് (329173) | 2021-22 | 16726 (12-07-2022) | 238587 | 184213 | 3685 |
| 7 | തടയിൽ റോഡ് (307382) | 2021-22 | 16719 (04-04-2022) | 219520 | 151442 | 3029 |
| 8 | കാരാട്ട് കണ്ടി റോഡ് (305645) | 2019-20 | 16727 (04-04-2022) | 408060 | 308989 | 6180 |
| | ആകെ | | | | | 43,160/- |

മെറ്റീരിയൽ വർക്കുകളുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (06/22-23 Dtd 24-07-2023) യുടെ അടിസ്ഥാനത്തിൽ മൂന്ന് പ്രവൃത്തികളുടെ ജി.എസ്.ടി കരാറുകാരിൽ നിന്നും ഈടാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | മെറ്റീരിയൽ വർക്കിന്റെ പേര്, (കോഡ് നം.) | പ്രവൃത്തി ഏറ്റെടുത്ത വർഷം | ബിൽ നം (FTO Number & Date) | ബിൽ തുക (Total Bill Amount) | എം ബുക്ക് പ്രകാരം മെറ്റീരിയലിനായി ചെലവായ തുക | ഈടാക്കേണ്ട GST | GST ഈടാക്കിയ രസീറ്റ് നം. |
|---|---|---|---|---|---|---|---|
| 1 | വടക്കമ്പാട്ട് മൺറുകണ്ടി (330951) | 2022-23 | 16848 (14-07-2022) | 469313 | 366452 | 7330 | 1230201261 Drd 24-07-2023 |
| 2 | മുപ്പറ്റകുളങ്ങര നടപ്പാത (321301) | 2022-23 | 16833 (12-07-2022) | 140409 | 105886 | 2118 | 1230201261 Drd 24-07-2023 |
| 3 | തയ്യുള്ളതിൽ ചാത്തോത്ത് താവം (333263) | 2022-23 | 16651 (14-02-2023) | 445516 | 349178 | 6984 | 1230201260 Drd 24-07-2023 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ആകെ | | | | 16,432/- | |

ജി.എസ്.ടി ഈടാക്കാതെ ബിൽ തുക നൽകിയത് ഗുരുതര കൃത്യ വിലോപമാണ്. പട്ടിക പ്രകാരം ജി.എസ്.ടി സോഴ്സിൽ നിന്നും കുറവ് ചെയ്യാത്ത മേൽ പ്രവൃത്തികളുടെ കരാറുകാർ ഈ വർക്കുകൾക്ക് ജി.എസ്.ടി റിട്ടേൺ അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനായി ഇവരുടെ ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്ത മാസത്തെ ഇൻവോയിസ് വൈസ് ഡീറ്റേൽസ് ഉള്ള ജി.എസ്.ടിആർ-1 റിട്ടേൺ ഫോം ലഭ്യമാക്കി പകർപ്പ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ജി.എസ്.ടി സോഴ്സിൽ നിന്നും ഡിഡക്റ്റ് ചെയ്യാതെ ബിൽ തുക കരാറുകാർക്ക് നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള മോണിറ്ററിംഗ് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്.

## 1-9 അനർഹരായവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യുന്നില്ല-സർക്കാരിന് ലക്ഷങ്ങളുടെ നഷ്ടം

ഉണ്ണികുളം ഗ്രാമ പഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

പഞ്ചായത്തിൽ നിന്നും പെൻഷൻ ലഭിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെടുമ്പോൾ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യാതെ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായി പെൻഷൻ അനുവദിക്കുന്നത് മൂലം സർക്കാരിന് ലക്ഷങ്ങൾ സാമ്പത്തിക നഷ്ടം സംഭവിച്ചുവരുന്നു. ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന പെൻഷണറുടെ പെൻഷൻ പോലും അതാത് സമയം സസ്പെന്റ് ചെയ്യാതെ അനർഹമായി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാവുന്ന സാഹചര്യമാണ് ഇവിടെ നിലനിൽക്കുന്നത്. ഇപ്രകാരം അനർഹമായ പെൻഷൻ തുക മരണപ്പെട്ട ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകിയതിൽ ഓഡിറ്റ് കണ്ടെത്തിയ ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

(1) പെൻഷൻ സസ്പെന്റ് ചെയ്യാനായി ലഭിച്ച അപേക്ഷകളിൽ അനർഹമായി നൽകിയ തുക ഈടാക്കാതെ പെൻഷൻ സസ്പെന്റ് ചെയ്ത നൽകിയവയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷാ തീയതി | പെൻഷൻ ID/പേര് | മരണപ്പെട്ട തീയതി | അവസാനമായി പെൻഷൻ അനുവദിച്ച മാസം | അവസാന ഗഡുവായി അനുവദിച്ച തുക (04/2021മുതൽ 1600/-) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | സാമൂഹ്യ സുരക്ഷാ പെൻഷൻ | | | | |
| 1 | 19-10-22 | 110330600446-മറിയം.ടി.കെ | 09-06-22 | 08/22 | 4800 |
| 2 | 27-10-22 | 1103300203510- സൈദ് മുഹമ്മദ് അബ്ദുൾ കരീം തങ്ങൾ | 17-02-22 | 09/22 | 12800 |
| 3 | 10-06-22 | 110330602267-ജമീല.കെ.വി | 17-09-21 | 04/22 | 12800 |
| 4 | 14-07-22 | 110330200602- ദേവി.പി.പി | 17-09-21 | 06/22 | 16000 |
| 5 | 17-05-22 | 11033003032- ഇസ്മയിൽ.കെ | 02-08-21 | 04/22 | 12800 |
| 6 | 29-03-22 | 110330201377-അബൂബക്കർ.സി.പി | 20-11-22 | 12/22 | 3200 |
| 7 | 24-06-23 | 220221102- അബു | 17-10-21 | 03/23 | 28800 |
| | | ആകെ | | | 91200 |

(2) പഞ്ചായത്തിൽ പെൻഷൻ സസ്പെന്റ് ചെയ്യാനായി ലഭിച്ച ചുവടെ കൊടുത്ത കർഷക പെൻഷൻ അപേക്ഷകൾ സസ്പെന്റ് ചെയ്യാനായി കൃഷി ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ അപേക്ഷയിലെ പെൻഷൻ ഗുണഭോക്താവിന്റെ മരണ തീയതി പ്രകാരവും സേവനയിലെ പെൻഷൻ വിതരണം നടത്തിയതിന്റെ വിവരങ്ങൾ പ്രകാരവും ചുവടെ കൊടുത്ത കർഷക പെൻഷൻ തുക അനർഹമായി ടിയാന്റെ ബാങ്ക് അക്കൗണ്ടിൽ എത്തിയതായി കാണുന്നു. ഇതിൽ നിന്നും മരണപ്പെടുന്ന കർഷക പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യുന്നില്ല എന്ന് കാണുന്നു.

| | | | | | |
|---|---|---|---|---|---|
| | കർഷക പെൻഷൻ | | | | |
| 1 | 10-06-22 | 220220770- രാരിച്ചൻ | 12-02-22 | 05/22 | 6400 |
| 2 | 20-07-22 | 220220884-കുഞ്ഞമ്മദ് ഹാജി | 22-02-21 | 03/23 | 31900 |
| | | ആകെ | | | 38,300/- |

(3) ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പെൻഷൻ കൈപ്പറ്റുന്ന പെൻഷൻ ഗുണഭോക്താക്കളിൽ മരണപ്പെട്ട പെൻഷൻ ഗുണഭോക്താവിന്റെ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യാത്തതിനാൽ ടി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അധികമായി അനുവദിച്ച പെൻഷൻ തുക തിരിച്ച് ' കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ' കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിന്റെ Account No-001101023000269നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനായി അതാത് പെൻഷൻ അക്കൗണ്ടുള്ള ബാങ്കുകൾക്ക് പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട് (ഈ ലിസ്റ്റിൽ ഖണ്ഡികയിൽ “(1)” ആയി പരാമർശിച്ച ഗുണഭോക്താക്കൾ ഉൾപ്പെടുന്നില്ല) . എന്നാൽ തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതായ വിവരം ബാങ്ക് പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. ലഭ്യമായ ഇത്തരം കത്തുകളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷാ തീയതി | പെൻഷൻ ID | പെൻഷനറുടെ പേര് | സർക്കാരിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാനായി കണക്കാക്കി നൽകിയ തുക | ബാങ്ക് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 4-8-22 | 110330200557 | ഇമ്പിച്ചായിശ | 14400 | സൗത്ത് ഇന്ത്യൻ ബാങ്ക്, പൂന്നൂർ |
| 2 | 3-6-22 | 110330200558 | കുഞ്ഞായിശ | 4800 | സൗത്ത് ഇന്ത്യൻ ബാങ്ക്, പൂന്നൂർ |
| 3 | 13-7-22 | 110330400257 | ആദിഷ് സദൻ | 34100 | എസ്.ബി.ഐ, പൂന്നൂർ |
| 4 | 20-07-22 | 110330203895 | ഗോവിന്ദൻ നമ്പൂതിരി | 8000 | എസ്.ബി.ഐ, പൂന്നൂർ |
| 5 | 11-04-22 | 110330202314 | ആസ്യ | 3200 | സൗത്ത് ഇന്ത്യൻ ബാങ്ക്, പൂന്നൂർ |
| 6 | 22-4-22 | 110330600379 | സാറ ഉമ്മ | 6400 | എസ്.ബി.ഐ, പൂന്നൂർ |
| 7 | 31-5-22 | 110330100604 | ഇമ്പിച്ചൻ | 12800 | സൗത്ത് ഇന്ത്യൻ ബാങ്ക്, പൂന്നൂർ |
| 8 | 9-5-22 | 1103301011608 | ഭാസ്കരൻ | 11200 | കേരള ഗ്രാമീൺ ബാങ്ക്, എക്രൂൽ |
| | | | ആകെ | 94900/- | |

തുകകൾ ട്രാൻസ്ഫർ ചെയ്തതിന്റെ വിവരം അറിയിക്കേണ്ടതാണ്.

3) പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും സമയബന്ധിതമായി പെൻഷൻ സസ്പെന്റ് ചെയ്യാതെ അധികം തുക പെൻഷണറുടെ അക്കൗണ്ടിലേക്ക് നൽകിയതായി കണ്ട വിവരം ചുവടെ കൊടുക്കുന്നു.

| പേര് | Date Of Death | അവസാനമായി പെൻഷൻ അനുവദിച്ച മാസം | അധികമായി അനുവദിച്ച തുക |
|---|---|---|---|
| കരുണാകരൻ നായർ | 22-05-22 | 09/22 | 6400/- |

പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം 2022-23വർഷം 315മരണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ എത്ര സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ ഉണ്ട് എന്ന് പഞ്ചായത്ത് പരിശോധിക്കുകയോ മരണപ്പെട്ട മുഴുവൻ പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ സസ്പെന്റ് ചെയ്യുകയോ ചെയ്തിട്ടില്ല. 2020-21 ലും ഇതിന് മുൻ കാലങ്ങളിലും ഇപ്രകാരം മരണപ്പെട്ടവരുടെ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യാത്തത് സംബന്ധിച്ച് 2020-21 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. ഇതിനായി സ്വീകരിക്കേണ്ട നടപടികളും വിശദമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. പെൻഷൻ സസ്പെന്റ് ചെയ്യാനായി മരണപ്പെട്ടവരുടെ ബന്ധുക്കൾ പഞ്ചായത്തിൽ സമർപ്പിച്ച മേൽ പരാമർശിച്ച, പെൻഷൻ നേരിട്ട് ബാങ്കിലേക്ക് വരുന്നവരുടെ പെൻഷനുകൾ മാത്രമാണ് പഞ്ചായത്ത് സസ്പെന്റ് ചെയതിട്ടുള്ളത്. ഇപ്രകാരം ആകെ അൻപതോളം അപേക്ഷകളാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ

2021-22 ൽ മരണപ്പെട്ടവർ വരെ ഉണ്ട് എന്ന് മേൽ പരാമർശിച്ച ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാണ്.

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം .97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കനവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നിരിക്കെ നാളിതുവരെ ഈ ഉത്തരവ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

കൂടാതെ സംസ്ഥാന ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 63/2021/ധന Dtd 02-08-2021 നമ്പർ സർക്കുലർ പ്രകാരം മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണം രജിസ്ററർ ചെയ്യപ്പെടുന്നതും എന്നാൽ ഈ പഞ്ചായത്തിൽ സ്ഥിര താമസമായവരുമായവരുടെ മരണ രജിസ്ട്രേഷൻ വിവരം മരണം രജിസ്റ്റർ ചെയ്ത തദ്ദേശ സ്വയംഭരണ സ്ഥാപനം ഈ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഒരു ഡെത്ത് വിവരവും ഇവിടെ ലഭ്യമായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ മുഴവൻ പെൻഷൻ ഗുണഭോക്താക്കളുടെയും മസ്റ്ററിംഗ് നടപടികൾ പൂർത്തിയാവാത്ത സാഹചര്യത്തിൽ പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന മുഴവനാളുകളുടെയും ലിസ്റ്റ് അങ്കനവാടി/ആശാ വർക്കർമാരെ കൊണ്ടും പെൻഷൻ അന്വേഷണ ചുമതലയുള്ള ഉദ്യോഗസ്ഥരെ കൊണ്ടും മറ്റ് ലഭ്യമായ മാർഗ്ഗങ്ങളിലൂടെ വിശദമായ പരിശോധന നടത്തി നിലവിൽ പെൻഷൻ സസ്പെന്റ് ചെയ്യാത്ത അനർഹരായ മുഴവൻ ആളുകളുടെയും പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതും അധികമായി കൈപ്പറ്റിയ തുക ഈടാക്കി മേൽ പരാമർശിച്ച പെൻഷൻ അക്കൗണ്ടിൽ അടവാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-10 വലിയ തുക സേവിഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു-പഞ്ചായത്തിന് പലിശയിനത്തിൽ ലക്ഷങ്ങളുടെ വരവ് നഷ്ടം

പഞ്ചായത്തിന്റെ 2022-23 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് (ബി-17) പ്രകാരം പഞ്ചായത്തിന്റെ പേരിലുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളിൽ 56,666,728/-രൂപ നീക്കിയിരിപ്പുണ്ട്. പഞ്ചായത്തിന്റെ സാമ്പത്തിക നില ചുവടെ കൊടുക്കുന്നു.

2022-23 വർഷത്തെ ആസ്തി, ബാധ്യതാ വിവരങ്ങൾ.

| 2022-23 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |

| | | | |
|---|---|---|---|
| B-2 | 10,054 | B12 | 1,103,766 |
| B4- | 16,270,274 | B14 | 0 |
| B7 | 965,104 | B15 | 6,830,401 |
| B9 | 2,607,199 | B17 | 56,666,728 |
| | | B18 | 3,305,369 |
| ആകെ | 19,852,631/- | | 67,906,264/- |

2022-23 സാമ്പത്തിക വർഷം ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തി ഉയർന്ന ലിക്വിഡിറ്റിയുള്ള ബാദ്ധ്യതയേക്കാൾ 48,053,633/- രൂപ കൂടുതലുണ്ട്.

നികുതി നികുതിയേതര വരവ് വിവരങ്ങൾ.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് |
|---|---|---|---|
| നികുതി വരുമാനം | 97,50,842/- | 1,04,83,083/- | 7.5% |
| നികുതിയേതര വരുമാനം | 35,76,888/- | 39,38,383/- | 10.1% |
| ആകെ | 1,33,27,730/- | 1,44,21,466/- | |

വാർഷിക പദ്ധതിയ്ക്ക് വകയിരുത്തിയ തുക

2022-23 വാർഷിക പദ്ധതിയിൽ പുതിയ പദ്ധതികൾക്കും, സ്പിൽഓവർ പദ്ധതികൾക്കും കൂടി 15,368,990/- രൂപ തനത്ഫണ്ടിൽ നിന്നും വകയിരുത്തുകയും 8,469,235/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സ്ഥിര നിക്ഷേപം

പഞ്ചായത്തിലെ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം 2022-23 വർഷാദ്യം ഇൻവെസ്റ്റ്മെന്റായി ഉണ്ടായിരുന്നത് 97662/-രൂപയാണ്. ഇതിന് പുറമെ 2022-23ൽ 1,000,000/-രൂപ മാത്രമാണ് 6.25%പലിശ നിരക്കിൽ നിക്ഷേപിച്ചിട്ടുള്ളത്.

മേൽ പരാമർശിച്ച പ്രകാരമുള്ള പഞ്ചായത്തിന്റെ സാമ്പത്തിക നിലയനുസരിച്ച് ഒന്നര കോടിയോളം രൂപ തനത് വരുമാനമുള്ള ഇവിടെ പദ്ധതികൾക്കായി 2022-23ൽ തനത് ഫണ്ട് വകയിരുത്തിയിരിക്കുന്നത് 1.53 കോടി രൂപയാണ്. അതായത് തൻ വർഷ വരവിന് അനുസരിച്ച് മാത്രമാണ് തനത് ഫണ്ട് പദ്ധതികൾക്ക് വകയിരുത്തിയിരിക്കുന്നത്. എന്നാൽ ചെലവ് 84.69 ലക്ഷം രൂപ മാത്രമാണ്. ഇപ്രകാരം തനത് ഫണ്ടിൽ വലിയ തുക വർഷങ്ങളായി നീക്കിയിരിപ്പായി ഉണ്ടാവുന്നുണ്ട്. മുൻ വർഷ തനത് വരവിന് അനുസൃതമായി വാർഷിക പദ്ധതി ആസൂത്രണം ചെയ്യുമ്പോഴും വാർഷിക ബജറ്റ് രൂപീകരിക്കുമ്പോഴും വലിയ തുക പഞ്ചായത്ത് തനത് ഫണ്ട് നീക്കിയിരിപ്പായുള്ളത് സംബന്ധിച്ച് വ്യക്തമായ കണക്ക് പഞ്ചായത്തിന് ലഭ്യമായിട്ടും 2022-23 വർഷാരംഭം 97,662/-രൂപ മാത്രമാണ് സ്ഥിര നിക്ഷേപമായുണ്ടായിരുന്നത്.

2022-23 സാമ്പത്തിക വർഷം ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തി ഉയർന്ന ലിക്വിഡിറ്റിയുള്ള ബാദ്ധ്യതയേക്കാൾ 48,053,633/- രൂപ കൂടുതലുണ്ട് എന്ന് മേൽ പട്ടിക പ്രകാരം വ്യക്തമാണ്. ഇതിൽ

പഞ്ചായത്തിന്റെ തനത് ഫണ്ടിനായുള്ള ഉണ്ണികുളം സർവ്വീസ് സഹകരണ ബാങ്കിന്റെ 1225 നമ്പർ അക്കൗണ്ടിൽ മാത്രം 41,485,247/-രൂപ നീക്കിയിരിപ്പായി കാണുന്നു. (ഈ അക്കൗണ്ടിൽ തനത് ഫണ്ട് നീക്കിയിരിപ്പല്ലാതെ മറ്റ് വരവ് തുകകൾ എത്രയുണ്ട് എന്ന് വ്യക്തമാക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല). നാല് കോടിയിലധികം രൂപ തനത് ഫണ്ട് നീക്കിയിരിപ്പായി കുറഞ്ഞ പലിശയ്ക്ക് (3%) സേവിങ്സ് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് പലിശയിനത്തിൽ പഞ്ചായത്തിന് ലക്ഷങ്ങൾ വരവ് നഷ്ടം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. 2022-23-ൽ സ്ഥിര നിക്ഷേപമാക്കിയത് ആകെ പത്ത് ലക്ഷം രൂപമാത്രമാണ്. 2023-24 വർഷ കാലയളവിലേക്ക് നിക്ഷേപം പുതുക്കിയപ്പോൾ 8.75% പലിശയാണ് പഞ്ചായത്തിന് ലഭിച്ചത്. അതായത് നാല് കോടിയിലധികം രൂപയ്ക്ക് വർഷം അഞ്ച് ശതമാനത്തിലധികം തുകയുടെ പലിശ വരവ് പഞ്ചായത്തിന് നഷ്ടമാവുന്നു. നിഷ്ക്രിയമായി പദ്ധതികൾക്ക് വകയിരുത്താതെ കോടികൾ സേവിംഗ്സ് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ഫിക്സഡ് ഡെപ്പോസിറ്റാക്കി മാറ്റി പഞ്ചായത്തിന് ലക്ഷങ്ങളുടെ വരുമാനം ഉണ്ടാക്കാമെന്നിരിക്കെ ഇത് പരിശോധിക്കേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ ഭരണ സമിതിയോ നാളിതുവരെ ഇത് പരിശോധിച്ചിട്ടില്ല എന്നത് പഞ്ചായത്തിന്റെ ഗുരുതരമായ വീഴ്ചയാണ്. ഇതിനാൽ പദ്ധതികൾക്ക് വകയിരുത്താത്തതും മിച്ചമുള്ളതുമായ തുക സ്ഥിരനിക്ഷേപമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 തൊഴിൽ നികുതി അപാകതകൾ

1. ശിൽപ്പം വുഡ് വർക്ക്സ് എകരൂൽ എന്ന സ്ഥാപനത്തിന്റെ തൊഴിൽ നികുതി റിട്ടേൺ പരിശോധിച്ചതിൽ ജീവനക്കാരന്റെ പേരും ബാധകമായ നികുതിയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടിയാനിൽ നിന്ന് ഈടാക്കിയത് വരുമാനത്തിനനുസൃതമായ നികുതിയാണോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. എന്ന പരാമർശത്തിന് ശിൽപ്പം വുഡ് വർക്ക്സ് എന്ന സ്ഥാപനത്തിൽ കുറഞ്ഞ വേതനമാണ് നൽകിയിട്ടുള്ളതെന്ന് അറിയാൻ കഴിഞ്ഞതിനാലാണ് കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ടിയാളിൽ നിന്നും രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിച്ച് നികുതി ഈടാക്കുന്നതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും സർക്കാർ നിഷ്കർഷിച്ചതിന് വിരുദ്ധമായാണ് തൊഴിലാളികൾക്ക് വേതനം നൽകുന്നതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | തൊഴിലാളിയുടെ പേര്/ ഉദ്യോഗപ്പേര് | റിട്ടേൺ പ്രകാരം നൽകുന്ന അടിസ്ഥാന | നിയമ പ്രകാരം നൽകേണ്ടുന്ന മിനിമം വേതനം | സർക്കാർ ഉത്തരവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | വേതനം (രൂപ) | (രൂപ) | |
| 1. | ഗൾഫ് ബസാർ, പൂനൂർ | ശ്രീ.മുഹമ്മദ്, സെയിൽസ്മാൻ | 4,000/- | 8,910/- | G.O.(P) No.196/ 2016/LBR Dated, Thiruvanantha- puram, 21st December,2016 |
| | | ശ്രീ. അബൂബക്കർ, സെയിൽസ്മാൻ | 4,000/- | | |
| 2. | ഷൈൻ ഹോട്ടൽ, പൂനൂർ | ശ്രീ. അബ്ദുൽ നാസർ, കാഷ്യർ | 3,083/- | 8,040/- | G.O.(P) No.196/ 2016/LBR Dated, Thiruvanantha- puram, 21 St December, 2016 |
| | | ശ്രീ. ഫാറൂക്ക് അഹമ്മദ് | 3,083/- | 7,850/- | |

മേൽ പരാമർശത്തിന് വിശദീകരണം നൽകുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മിനിമം വേതനം സംബന്ധിച്ച ഉത്തരവുകൾ ലഭ്യമാക്കി സ്ഥാപനങ്ങളെ അറിയിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. മദീന സൂപ്പർമാർക്കറ്റ് എന്ന സ്ഥാപനത്തിന്റെ തൊഴിൽ നികുതി റിട്ടേണിൽ സെയിൽസ്ഗേൾസായിരുന്ന ശ്രീമതി. ഷൈജ, ശ്രീമതി. ഷൈനി എന്നിവരുടെ ആറ് മാസത്തെ വരുമാനം 31,000/- രൂപ, 32,000/- രൂപ എന്നിവ യഥാക്രമം 27,000/- രൂപ, 28,000/- രൂപ എന്നിങ്ങനെ തിരുത്തി എഴുതിയിട്ടുണ്ട്. 31,000/-, 32,000/- എന്നിവയാണ് യഥാർഥ വരുമാനമെങ്കിൽ ഈടാക്കേണ്ടിയിരുന്ന 300/- രൂപ സ്ലാബിൽ നിന്ന് 180/- രൂപ സ്ലാബിലേക്ക് മാറ്റി എഴുതുകയും ചെയ്തിട്ടുണ്ട്. സെയിൽമാൻ/സെയിൽസ് ഗേൾസ് എന്നിവർക്ക് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മിനിമം വേതനം 8,910/- രൂപയാണെന്ന പരാമർശത്തിന് മിനിമം വേതനം ഉറപ്പ് വരുത്തി തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കേണ്ടതാണെന്ന് ടി സ്ഥാപനത്തെ അറിയിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

തൊഴിൽ വകുപ്പ് ഓരോ തൊഴിലിനും ബാധകമായിട്ടുള്ള മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുമ്പോൾ വേതനം വസ്തുനിഷ്ഠമായാണ് രേഖപ്പെടുത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിൽ നികുതിയിൽ ഇളവ് ലഭിക്കുന്നതിനായാണ് വേതനം കുറച്ച് കാണിക്കുന്നതെങ്കിൽ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ് അല്ലാത്ത പക്ഷം തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിവരം ലേബർ വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. തൊഴിൽ നികുതിയിനത്തിൽ സ്ഥാപനത്തിന്റെ വരവ് വർഷം തിരിച്ച് താഴെ പട്ടികയിൽ ചേർത്തിട്ടുണ്ട്.

| വർഷം | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| 2021-22 | 560820 | 560820 | 0 |
| 2022-23 | 517370 | 517370 | 0 |

2022-23 സാമ്പത്തിക വർഷം നികുതി വരവിൽ 43,450/- രൂപ കുറവുണ്ട്. ആയതിനുള്ള സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് 2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്ററിൽ കോൺട്രാക്ടർമാരുടെയും പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയർമാരുടെയും തൊഴിൽ നികുതി

സ്ഥാപന തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്ററിലെ പ്രൊഫഷണൽസ് എന്ന വിഭാഗത്തിലായിരുന്നു രേഖപ്പെടുത്തിയിരുന്നത്. എന്നാൽ 2022-23 വർഷത്തെ തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്ററിൽ ആയത് എംപ്ലോയീസിന്റെ തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്ററിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 2021-22 വർഷത്തിൽ നിലവിലുണ്ടായിരുന്ന കുറച്ച് സ്ഥാപനങ്ങൾ 2022-23 വർഷത്തിൽ പൂട്ടി പോവുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തിൽ അഡ്വാൻസായി കൂടുതൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി വാങ്ങിയിരുന്നു. ആയത് 2023-24 വർഷത്തെ ട്രേഡേഴ്സിന്റെ ഡിമാൻറ് രജിസ്റ്ററിൽ ആണ് ഉൾപ്പെടുകയെന്നും ബോധിപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

1-12 കമ്മ്യൂണിറ്റി ഹാൾ-വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച അപാകതകൾ

2022-23 ഓഡിറ്റുമായി ബന്ധപ്പെട്ട് 25.07.2023ന് കമ്മ്യൂണിറ്റി ഹാളിൽ സ്ഥലപരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കമ്മ്യൂണിറ്റി ഹാളിനു ചുറ്റു മതിലില്ല. ആയതിനാൽ കമ്മ്യൂണിറ്റി ഹാൾ പരിസരം സാമൂഹ്യവിരുദ്ധർ ഉപയോഗപ്പെടുത്തുന്നതിന് ഇടയുണ്ടാകുന്നുണ്ട്. ആസ്തിയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുകയെന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്.

2. 500ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണമുള്ള കെട്ടിടത്തിന് നിലവിൽ മതിയായ പാർക്കിംഗ് സ്പേയ്സ് ഒരുക്കിയിട്ടില്ല. കമ്മ്യൂണിറ്റി ഹാളുമായി ബന്ധപ്പെട്ട പ്ലാനോ മറ്റു രേഖകളോ ഹാജരാക്കിയിട്ടില്ലാത്തതിനാൽ മതിയായ പാർക്കിംഗ് സ്പേസ് ഒരുക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. കമ്മ്യൂണിറ്റി ഹാളിന്റെ രേഖകളും സുരക്ഷിതമായി കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.

3. കമ്മ്യൂണിറ്റി ഹാളിൽ ഫാനുകളും വൈദ്യുത വിളക്കുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും കെട്ടിടത്തിന് നാളിതുവരെ പ്ലാൻ തയ്യാറാക്കി നമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതി ലഭ്യമാക്കിയിട്ടില്ല. കാലപ്പഴക്കം കാരണം ഫാനുകൾ തുരുമ്പെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമഗ്രമായി പദ്ധതികൾ തയ്യാറാക്കാത്തതും മുൻഗണനാക്രമം പാലിക്കാതെ പദ്ധതി ആസൂത്രണം ചെയ്യുന്നതാണ് ഇത്തരം അപാകതകൾക്ക് കാരണം.

4. കെട്ടിടത്തിൽ മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.

5. ഒരു കുഴൽ കിണർ കെട്ടിടത്തിലെ ആവശ്യങ്ങൾക്ക് വെള്ളം ലഭിക്കുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുണ്ടെങ്കിലും കെട്ടിടത്തിൽ വെള്ളം എത്തിക്കുന്നതിനായി പൈപ്പ് ലൈൻ സ്ഥാപിക്കാത്തതിനാൽ ബാത്ത്റൂം, കൈകഴുകൽ, കിച്ചൻ എന്നിവക്കാവശ്യമായ ജലം ലഭ്യമാക്കാത്ത അവസ്ഥ നിലവിലും തുടരുകയാണ്.

6. കെട്ടിടത്തിൽ ടിൻ ഷീറ്റ് പാകിയത് മഴപെയ്താൽ ചോരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടത്തിൽ മെയിന്റനൻസിന്റെ അഭാവവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ലീനിംഗ്, മെയിന്റനൻസ്, പരിശോധന, ആസ്തികളുടെ സംരക്ഷണം എന്നിവയ്ക്കായി നടപടികൾ കൈക്കൊള്ളേണ്ടതാണ്.

7. 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റിഹാൾ വാടകയിനത്തിൽ 3,500/- രൂപ വരവുണ്ട്. വാടകയ്ക്ക് നൽകുന്നതിന് ബുക്കിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ വാടക ഈടാക്കുന്നതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. നിലവിൽ ലഭിച്ച വാടക കുടുംബമേള പോലുള്ളവയ്ക്ക് ലഭിച്ചതാണെന്നാണ് അറിയാൻ സാധിച്ചത്. ചെറുതും വലുതുമായ എല്ലാ പൊതു പരിപാടികൾക്കും ഹാൾ നൽകുമ്പോൾ വാടക ഈടാക്കുന്നു എന്ന് ഉറപ്പ് വരുത്തണം. സ്ഥാപനത്തിന് വാടക ഈടാക്കുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഭാവിയിൽ വാടക ഈടാക്കുന്നതിലെ കൃത്യത ചോദ്യം ചെയ്യപ്പെടാൻ കാരണമാവുകയും ചെയ്യും. ആസ്തി

ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്. ബൈലോ തയ്യാറാക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണത്തിനായി നടപ്പാക്കിയ പദ്ധതിയെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. 2018 – 19 വർഷം മുതൽ 2021-22 വർഷം വരെ ലഭ്യമായ രേഖകൾ പ്രകാരം 50,92,520 രൂപ കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണത്തിനായി വിനിയോഗിച്ചിട്ടും ഹാൾ പൊതുപരിപാടികൾക്കായി ഉപയോഗപ്പെടാത്താൻ സാധിക്കാത്ത അവസ്ഥ നിലവിലും തുടരുകയാണ്. നാളിതുവരെയായും കമ്മ്യൂണിറ്റിഹാൾ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സർക്കാർ നയം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സ്വയം പര്യാപ്തമാക്കുക എന്നതാണെന്നിരിക്കെ കേരള അസെറ്റ് മാനേജ്മെന്റ് മാന്വൽ (20.01.2017ലെ GO.(Rt).166/2017/LSGD), 2005 ലെ കേരള പഞ്ചായത്ത് രാജ് വസ്തു ആർജ്ജിക്കലും കയ്യൊഴിയലും ചട്ടങ്ങൾ എന്നിവ പാലിക്കാതെ സ്ഥാപനത്തിന് ബാധ്യതയുണ്ടാക്കിക്കൊണ്ടിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല.

## 1-13 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്റർ സൂക്ഷിപ്പിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പെർമിറ്റ് അനുവദിക്കുന്ന അപേക്ഷകളിൽ പെർമിറ്റ് ഫീ ഈടാക്കിയ മുഴുവൻ കെട്ടിടങ്ങളുടെയും ഈടാക്കിയ പെർമിറ്റ് ഫീസ് , രസീത് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇതിനാൽ പെർമിറ്റ് അനുവദിച്ച മുഴുവൻ കെട്ടിടങ്ങൾക്കും നിയമാനുശ്രുത പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

2) പെർമിറ്റ് രജിസ്റ്ററിൽ ഒന്നിലും പെർമിറ്റ് നൽകിയ ഒരു അപേക്ഷയുടെ നേർക്കും സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല. ഇതിനാൽ തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയ പെർമിറ്റ് രജിസ്റ്റർ ആധികാരികമല്ല.

3) പെർമിറ്റ് ഫയലുകൾ കംപ്ലീഷനാവുമ്പോൾ പെർമിറ്റ് രജിസ്റ്ററിൽ ഇതിന്റെ കെട്ടിട നമ്പറോ ഒക്യുപ്പൻസി ആയതിന്റെ വിവരങ്ങളോ രേഖപ്പെടുത്തുന്നില്ല. ഇതിനാൽ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയ കെട്ടിടങ്ങളിൽ ഏതൊക്കെ നിർമ്മാണം പൂർത്തീകരിച്ച് ഒക്യുപ്പൻസി വാങ്ങി എന്നും പൂർത്തീകരിക്കാൻ അവശേഷിക്കുന്ന കെട്ടിടങ്ങൾ ഏതൊക്കെ എന്നുമുള്ള കണക്ക് പഞ്ചായത്തിൽ ലഭ്യമാവുന്നില്ല.

4) കെട്ടിട നിർമ്മാണ പെർമിറ്റ് കാലാവധി അവസാനിക്കുന്ന പെർമിറ്റുകളിൽ ഒക്യുപ്പൻസി ആവാത്ത പെർമിറ്റുകൾ കണ്ടെത്തി പുതുക്കുന്നതിന് പെർമിറ്റ് ഉടമകൾക്ക് നോട്ടീസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നില്ല.

5) പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന്റെ ഫ്ലോർ സ്പേസ് ഇന്റക്സും കവറേജും രേഖപ്പെടുത്തുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. 31-03-2023ലെ സ.ഉ(കൈ) നം.85/2023/എൽ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ ഫീസും പെർമിറ്റ് ഫീസും വർദ്ധിപ്പിച്ച സാഹചര്യത്തിൽ രജിസ്റ്ററിൽ മേൽ സൂചിപ്പിച്ച രേഖപ്പെടുത്തലുകൾ കൃത്യമായി വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും അപാകതകൾ പരിഹരിച്ച് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-14 ബാങ്ക് റീകൺസിലിയേഷൻ ചെയ്യുന്നതിലെ അപാകതകൾ

1. ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഭാരത് ടെലിവെഞ്ചർ ലിമിറ്റഡ് മൊബൈൽ ടവറിന്റെ

2022 വർഷത്തെ വസ്തുനികുതിയിനത്തിൽ 29.09.2022ന് 25,200/- രൂപയുടെ ചെക്ക് 1210202075നമ്പർ രസീത് പ്രകാരം സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സെപ്റ്റംബർ മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഈ തുക സെപ്റ്റംബർ മാസത്തിൽ ക്രെഡിറ്റായിട്ടില്ല. കൂടാതെ പ്രസ്തുത മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ടി ചെക്ക് ചേർക്കാത്തതും ശ്രദ്ധയിൽപ്പെട്ടു.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിൽ 30.03.2022-ന് ടി മൊബൈൽ ടവറിന്റെ 2020-21 വർഷത്തെ വസ്തുനികുതിയിനത്തിൽ 1210202075 നമ്പർ രസീതി പ്രകാരം ലഭിച്ച 25,200 രൂപയുടെ ചെക്ക് 5.08.2022-ന് ബാങ്കിൽ ക്രെഡിറ്റായിട്ടുണ്ട് എന്നും തൻമാസം ഇതേ തുക തന്നെ 11.08.2022ന് തുക കെഡിസി ബാങ്ക് അക്കൗണ്ടിൽ തെറ്റായി വരവ് വച്ചിട്ടുള്ളതാണെന്നും അക്കൗണ്ടന്റ് അറിയിച്ചു. അതായത് ഒരേ ചെക്ക് തുക രണ്ട് തവണ അക്കൗണ്ടിൽ ക്രെഡിറ്റ് ആയി. ആയത് രേഖകൾ പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തു. ആഗസ്റ്റ് മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ തെറ്റായി നിക്ഷേപിച്ച ഈ തുക (25,200/- രൂപ) പ്രതിഫലിച്ചിട്ടുണ്ട്. തുടർന്ന് 29.09.2022ന് നിക്ഷേപിച്ച ചെക്ക് മേൽ തുകയുമായി പൊരുത്തപ്പെടുത്തുകയാണുണ്ടായത്. ആയതിനാലാണ് ടി തുക സെപ്റ്റംബർ മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കാതെ പോയത്. ഈ തുക ഏതിനത്തിലുള്ളതാണെന്ന് റീകൺസിലിയേഷൻ വേളയിൽ തിരിച്ചറിഞ്ഞ് ബാങ്കിനെ വിവരം അറിയിച്ചിട്ടില്ലെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. 29.09.2022ന് നിക്ഷേപിച്ച ചെക്കിന്റെ യഥാർഥ വരവ് 18.11.2022ന് ബാങ്കിൽ വരവ് വരുകയും ബാങ്കിൽ അധിക നിക്ഷേപമുണ്ടായിരുന്ന 25,200/- രൂപ 15.12.2022ന് ബാങ്ക് റിവേഴ്സ് എൻട്രി ചെയ്ത് ഡെബിറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ ഇതിലൂടെ വരുമാന നഷ്ടമുണ്ടായിട്ടില്ലെങ്കിലും റീകൺസിലിയേഷൻ കുറ്റമറ്റ രീതിയിൽ ചെയ്യാൻ ശ്രദ്ധ ചെലുത്തേണ്ടതും ചെക്കുകൾ യഥാസമയം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിൽ ശ്രദ്ധിക്കേണ്ടതുമാണ്.

2. 30.03.2022ന് നിക്ഷേപിച്ച ചെക്കിന്റെ തുക 25,200/- രൂപയുടെ ബാങ്കിൽ വരവ് വന്നിട്ടുള്ളത് 5.08.2022നാണെന്ന് അഥവാ നാലു മാസത്തിനു ശേഷം. ഈ ചെക്ക് റീവാലിഡേറ്റ് ചെയ്തതാണോ എന്ന് വ്യക്തമാക്കിയിട്ടില്ല.

3. സെപ്റ്റംബർ മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 14.09.2022ലെ വൌച്ചർ നമ്പർ 58578496 – ക്യാഷ് ഓർ ചെക്ക് വിത്ഡ്രോവൽ ആയി 31,250/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ തുക ഓക്ടോബർ, നവംബർ മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ക്യാരി ഓവർ ചെയ്തിട്ടുണ്ട്. ഈ തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കേണ്ടതാണ്.

അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-15 വസ്തുനികുതി- തറവിസ്തീർണ്ണാടിസ്ഥാനത്തിൽ വർഗ്ഗീകരണം നടത്തിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ കണക്കാക്കിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203ാം വകുപ്പ് 2 ഉം 5 ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ പരിധികൾ പട്ടികയിൽ ഉൾപ്പെടുത്തി 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരികയും ചെയതിട്ടുണ്ട് ടി പട്ടിക പ്രകാരം വാണിജ്യത്തിനുള്ള കെട്ടിടങ്ങളെ തറവിസ്തീർണ്ണത്തിനനുസൃതമായി വർഗ്ഗീകരിച്ചിട്ടുണ്ട്. ഉദാ: 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൌൺ, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,

ഷോപ്പുകൾ ഗോഡൌൺ. ഉണ്ണികുളം പഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കും ചതുരശ്ര മീറ്ററിനു 55 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഇവിടെ കൃത്യമായ വർഗ്ഗീകരണം നടത്താതെ നികുതി നഷ്ടം വരുത്തുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 കരാർ വയ്ക്കാൻ കാലതാമസം. പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല

ജി.ഒ.(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പി.എ.സിയുടെ1% ഫൈൻ തുക |
|---|---|---|---|---|
| 1. | 71/22-23 (SO)അംഗൻവാടികൾക്ക് ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് അടങ്കൽ തുക : 1273058/- ചെലവ് തുക- 949392 | 21.12.2019 | റഫീഖ്.പി 79/AE/lsgd /uklm/19-20. 29.1.20 | 1023534.20 രൂപയുടെ (1%) തുക 10235 |

കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വയ്ക്കാൻ വൈകിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല . പിഴ ഈടാക്കാനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്

## 1-17 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

ഉണ്ണികുളം പഞ്ചായത്തിൽ 22-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്ട് | ഓഡിറ്റ് വർഷത്തെ ചെലവ് | കരാറുകാരൻ, അഗ്രി. നമ്പർ, തിയ്യതി, എം. ബുക്ക് നമ്പർ | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്, | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | |
| 1 | 88/22-23 (So) നെരോത്ത് അംഗൻവാടി പൂർത്തീകരണം | 532222 (മെ.ഫണ്ട്. റോഡിതരം) ബിൽ നം.38/6.5.22. 80706 569/30.3.23 351516 ചെക്ക്നം. 56528 /30,3,23 100000 | അനുരാഗ്.വി.കെ 43/AE/l.s.g.d /uklm/21-22. 28.12.21 Mbook. 351 /21-22 570/20-21 | 6 മാസം 28.12.21 26.10. 22 | പി.എ.സി തുക 971268.16 രൂപയുടെ (3%) രൂപ 29138 |
| 2 | 76/22-23 സ്കൂളുകളുടെ അറ്റകുറ്റപ്പണി | 388321 തനത് ഫണ്ട് ചെക്ക് നം. 6331938/26.5.22 തുക. 141807. ചെക്ക് നം. 3427154/3.11.22. തുക .246514 | ബഷീർ .പി.സി 52/AE/l.s.g.d /uklm/20-21 .2.11.20 Mbook. 501/ 20-21 326/21-22,330 /21-22 | 8മാസം 2.11.20 12.9.22 | പി.എ.സി തുക 400000 രൂപയുടെ (3%) 12000രൂപ |
| 3 | 71/22-23. അംഗൻവാടികൾക്ക് ബേബി ഫ്രണ്ട്‌ലി ടോയിലറ്റ് | 949392 ബിൽനം .223/17.12.22. 176334 (മറ്റുള്ളവ) 222/17.12.22 773058 | റഫീഖ്.പി 79/AE/lsgd /uklm/19-20. 29.1.20 M.book.576/20-21, 566/20-21 , 563/20-21 | 9 മാസം 29.1.20 28.11.22 | പി.എ.സി തുക 1023534.20 രൂപയുടെ (3%) 30706 |
| | ആകെ | | | | 71844 |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഇവിടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ കാലാവധി നീട്ടിനൽകാൻ അപേക്ഷിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ

ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽപ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണസമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. പിഴ ഈടാക്കി വിവരമറിയിക്കേണ്ടതാണ്

## 1-18 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തു.

2022-23 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ കൊടുക്കും പ്രകാരം വിവിധ പ്രവൃത്തികൾക്ക് വിവിധ ഏജൻസികളിൽ, അതാത് ഡിപ്പാർട്ട്മെന്റുകളിൽ നിന്നുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | ഡെപ്പോസിറ്റ് ചെയ്ത തുക | വൌച്ചർ നമ്പർ/ തിയതി | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 181/ 23 | 1,04,272 (തനതു ഫണ്ട്) | 22200403/ 6.7.22 | കരുമ്പാപൊയിൽ കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ | ഇലക്ട്രിക്കൽ സെക്ഷൻ അസി. എഞ്ചിനീയറുടെ കാര്യാലയം, ഉണ്ണികുളം | കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | 165/23 | 50,000 | 22201437/ 18.3.23 | മങ്ങാട് പി.എച്ച്.സി. കുഴൽ കിണർ നിർമ്മാണം | ഭൂജല വകുപ്പ്, ജില്ലാ കാര്യാലയം ,കോഴിക്കോട് | കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 3 | 168/23 | 84500 (തനതു ഫണ്ട്) | 22201460/ 24.3.23 | കോണങ്കോട്ട് മല, മുല്ലോളിപ്പാറ എന്നീ അംഗൻവാടികൾക്ക് കുഴൽ കിണർ നിർമ്മാണം | ഭൂജല വകുപ്പ്, ജില്ലാ കാര്യാലയം ,കോഴിക്കോട് | കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ നമ്പർ ജി.ഒ(കൈ)84/22/തിയതി 19.4.22, ഖണ്ഡിക 12.2(ഡി) പ്രകാരം ഗ്രാമപഞ്ചായത്ത് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം

മാത്രമേ തുക മുൻകൂറായി നൽകാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. മാത്രമല്ല ഡെപ്പോസിറ്റ് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുടർപ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ പ്രവൃത്തികളിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി കരാർ വെക്കാതെയാണ് തുക നൽകിയിട്ടുള്ളത് എന്ന് കാണുന്നു. പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 9/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. 2,38,772 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-19 ഉറവിട മാലിന്യ സംസ്കരണത്തിന് റിങ് കമ്പോസ്റ്റ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |
| അടങ്കൽ തുക | 802872(ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് )<br>89208(ഗുണഭോക്തൃവിഹിതം) |
| ചെലവ് തുക | 802872(ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ) |
| പ്രൊജക്ട് നമ്പർ | 339/23 |

ജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിനായി വാർഡ് തലത്തിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി റെയ്ഡ്കോയിൽ നിന്നും 413 റിങ് കമ്പോസ്റ്റുകൾ വാങ്ങിയ വകയിൽ 802872 രൂപ ചെലവ് ചെയ്തിട്ടുണ്ട്. റെയ്ഡ്കോയുടെ ഇൻവോയിസ് പ്രകാരം 2160 രൂപയാണ് ഒരു യൂണിറ്റിന്റെ വില. പദ്ധതി നടപ്പാക്കിയതിൽ താഴെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. സ്ഥാപനവുമായി വി.ഇ.ഒ ചമച്ച കരാർ പ്രകാരവും സ്ഥാപനം ലഭ്യമാക്കിയ ഇൻവോയിസ് പ്രകാരവും റിങ് കമ്പോസ്റ്റിന്റെ ഒരു യൂണിറ്റിന്റെ നിരക്ക് 2160 രൂപയാണ്. ശുചിത്വ മിഷൻ അംഗീകരിച്ച മേൽ പദ്ധതി പ്രകാരം 10% ഗുണഭോക്തൃ വിഹിതവും 90% പഞ്ചായത്ത് വിഹിതവുമാണ്. 413 യൂണിറ്റുകൾക്ക് ഗുണഭോക്തൃ വിഹിതം ഇനത്തിൽ 89208/- രൂപയും(216*413) ഫിനാൻസ് ഗ്രാന്റിൽ നിന്നും 802872/- രൂപയുമാണ് ചെലവ് വരേണ്ടത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ റെയ്ഡ്കോയ്ക്ക് ഇതുവരെ 802872/- രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്ന കാണുന്നു. 11,13,5,18 വാർഡുകളിൽ നിന്നായി ഗുണഭോക്താക്കളിൽ നിന്നും ഇതുവരെ കളക്ട് ചെയ്ത 14688/- രൂപ 8.5.23 നാണ് പഞ്ചായത്തിൽ അടവാക്കിയത്. ശേഷിക്കുന്ന ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുകയോ സ്ഥാപനത്തിന് തുക അടക്കുകയോ ചെയ്തിട്ടില്ല.

2. റിങ് കമ്പോസ്റ്റുകൾ ഗുണഭോക്താക്കൾക്കു വിതരണം ചെയ്തത് സംബന്ധിച്ച് കൈപ്പറ്റ് രശീത്/വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി.നം.11/22-23 തിയതി 25.07.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 8,02,872/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-20 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - 175/22-23

അടങ്കൽ - 75,000/-

ചെലവ് - 66,700/-

ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പദ്ധതി പ്രകാരം ഹയർസെക്കൻഡറി തുല്യത, പത്താംതരം തുല്യത എന്നിവയുടെ പരീക്ഷ ഫീസിനത്തിൽ 66700/- സ്റ്റേറ്റ് സാക്ഷരതാ മിഷനും, സ്റ്റേറ്റ് ലിറ്ററസി മിഷനും നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി സംബന്ധിച്ച ഗുണഭോക്തൃ ലിസ്റ്റ്, തുക കൈപ്പറ്റിയതിന്റെ രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. രേഖകൾ അടിയന്തരമായി ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ /2022-23 തീയതി 25.07.23)
അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 66,700/- രൂപ തടസത്തിൽ വയ്ക്കുന്നു.

1-21 ഉമ്മിണി കുന്ന് പാടശേഖരസമിതിക്ക് പമ്പ് സെറ്റ് വാങ്ങൽ- അപാകതകൾ

പ്രൊജക്ട് നമ്പർ - 185/22

അടങ്കൽ - 50,000/-

ചെലവ് - 49,800/-

ഉമ്മിണി കുന്ന് പാടശേഖരസമിതിക്ക് 5 എച്ച്പിയുടെ ഓപ്പൺ വെൽ സബ്മേഴ്സിബിൾ പമ്പ് സെറ്റ് വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ബാല്യശ്ശേരി ഭാരത് എൻജിനീയറിങ് കമ്പനിയുടെ 30.01.23 ലേ ബിൽ പ്രകാരം ഉമ്മിണി കുന്ന് പാടശേഖരസമിതി ക്രോമ്പ്ടൺ എന്ന കമ്പനിയുടെ 5 എച്ച്പിയുടെ പമ്പ് സെറ്റ് അനുബന്ധ ഉപകരണങ്ങൾ സഹിതം 49,800/- രൂപയ്ക്ക് വാങ്ങുകയും, 8.2.23 ലെ ബിൽ പ്രകാരം കൃഷി ഓഫീസർ ഈ തുക പാടശേഖരസമിതിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ശ്രദ്ധയിൽപ്പെട്ട അപാകതകൾ.
1. അഞ്ച് എച്ച്പിയുടെ പമ്പ് സെറ്റ് ഉപയോഗിക്കുന്നതിന് ത്രീ ഫേസ് കണക്ഷൻ വേണമെന്നിരിക്കെ, ത്രീ ഫേസ് കണക്ഷൻ ഇല്ലാത്ത സ്ഥലത്തേക്കാണ് പമ്പ് സെറ്റ് വാങ്ങിയിട്ടുള്ളത്. ആയതിനാൽ പമ്പ് സെറ്റ് വാങ്ങി ആറുമാസം കഴിഞ്ഞിട്ടും നാളിതുവരെയായി പമ്പ് സെറ്റ് ഉപയോഗിച്ച് തുടങ്ങിയിട്ടില്ല.
2. പമ്പ് സെറ്റിന് എത്ര നാളത്തെ ഗ്യാരണ്ടി /വാറണ്ടി ഉണ്ടെന്ന് രേഖപ്പെടുത്തി കാണുന്നില്ല.
അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 49,800/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ 2/2022-23 തീയതി 20.07.23)

1-22 എം.സി.എഫ്.നിർമ്മാണം, പദ്ധതി തുക പാഴാകുന്നു

അടങ്കൽ - 1500000

ഫണ്ട്. - സംസ്ഥാനാവിഷ്കൃത ഫണ്ട്

ചെലവ്തുക- 1268524

ബിൽനം - 563/ 30.3.23

ഉണ്ണികുളം പഞ്ചായത്തിൽ 22-23 സാമ്പത്തികവർഷത്തിൽ പ്രോജക്ട് നം 314 പ്രകാരം എം. സി.എഫ് നിർമ്മാണത്തിനായി സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 1500000 രൂപ വകയിരുത്തി പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ട് അനുസരിച്ച് ഉണ്ണികുളം പഞ്ചായത്തിലെ വാർഡ് അഞ്ചിൽ എം.സി.എഫ് നിർമ്മിക്കാനാണ് പ്രോജക്ട് തയ്യാറാക്കിയത് . 1271003 എസ്റ്റിമേറ്റിൽ തയ്യാറാക്കിയ പ്രവൃത്തി , 60/ AE/ Sgd/uklm/15.2.2023 എഗ്രിമെന്റ് പ്രകാരം ശ്രീ.റിതു എം. വി എന്ന കരാറുകാരൻ ഏറ്റെടുക്കുകയും 28.3.23 ന് പ്രവർത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് ടീം 25. 7.23 ന് പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ

കെട്ടിടം ഉപയോഗപ്പെടുത്താതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നതായി കാണുന്നു. കൂടാതെ കെട്ടിടത്തിൽ കറന്റ് , വെള്ളം , എന്നീ അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടില്ല. നിലവിൽ പഞ്ചായത്തിൽ മറ്റ് എം.സി.എഫ് സൗകര്യങ്ങൾ ലഭ്യമല്ല. അതുകൊണ്ട് തന്നെ പഞ്ചായത്തിൽ നിർമ്മിച്ച എം.സി.എഫ് പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ചെലവ് തുക 1268524 രൂപ തടസ്സത്തിൽ വയ്ക്കുന്നു

1-23 മാലിന്യ സംസ്കരണ സംവിധാനം പര്യാപ്തമല്ല

ഓരോ പ്രദേശത്തേയും മാലിന്യമുക്തമാക്കുന്നതിനായി ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൌകര്യങ്ങൾ സൃഷ്ടിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളാണ്. (കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക) ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്കായി സ.ഉ(കൈ)നം. 159/2016/തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരന്മാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേയ്ക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021 , സ.ഉ( ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് കരട് ബൈലോ തയ്യാറാക്കിയിട്ടില്ല. മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ പരിപാലിക്കുന്നതിനും മാലിന്യം പൊതു നിരത്തുകളിലും ജല സ്രോതസ്സുകളിലും വലിച്ചെറിയാതിരിക്കുന്നതിനും മാലിന്യം വേർതിരിച്ച് നൽകൽ, നിശ്ചയിക്കപ്പെട്ട കണ്ടെയ്നറുകളിൽ മാത്രം നിക്ഷേപിക്കൽ, നിശ്ചിത സമയത്തു മാത്രം നിക്ഷേപിക്കൽ, തുടങ്ങിയ എല്ലാ കാര്യങ്ങളിലും ജാഗ്രത കാണിക്കുന്നതിനും-ജൈവ മാലിന്യങ്ങൾ സംസ്കരിക്കുക, അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയാതെ റീസൈക്ലിംഗ് യൂണിറ്റുകൾക്ക് കൈമാറുക, മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്ന പൗരന്മാരിൽ നിന്നും അതാതു സമയങ്ങളിൽ നിശ്ചയിക്കുന്ന യൂസർ ഫീ ഈടാക്കുക തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും രൂപരേഖ തയ്യാറാക്കേണ്ടതും ആയതിന് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരം ലഭ്യമാക്കുകയും തുടർന്ന് ഭരണസമിതിയുടെ അംഗീകാരത്തിനു വിധേയമായി സർക്കാറിൽ നിന്നും അംഗീകാരം ലഭ്യമാക്കേണ്ടതുമാണ് .

ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരിശോധനയിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടില്ല /സ്ഥാപിച്ച എം.സി.എഫുകൾ

ഉപയോഗയോഗ്യമല്ല

അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് എം.സിഎഫിൽ എത്തിക്കുക എന്നതാണ് ഹരിതകർമ്മസേനയുടെ പ്രധാന ചുമതല. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ അജൈവ പാഴ്‌വസ്തുക്കൾ ശേഖരിക്കുന്നതിനും തരം തിരിക്കുന്നതിനും മതിയായ സൌകര്യങ്ങളില്ല. 14ാം വാർഡിൽ വാടകസ്ഥലത്താണ് ഹരിതകർമ്മസേന താത്കാലികമായി മാലിന്യങ്ങൾ ശേഖരിക്കുന്നതും തരം തിരിക്കുന്നതും. 2020- 21 വർഷം പഞ്ചായത്തിലെ വെറ്ററിനറി ഡിസ്പെൻസറി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ എം.സി.എഫ് ഒരുക്കുന്നതിനായി കെട്ടിടം റിനോവേറ്റ് ചെയ്തെങ്കിലും വെറ്ററിനറി ഡിസ്പെൻസറി കോമ്പൗണ്ടിൽ തന്നെ തൊട്ടടുത്തായി ഉണ്ണികുളം വില്ലേജ് ഓഫീസ് കെട്ടിടം, കൃഷിഭവൻ കെട്ടിടം എന്നിവ പ്രവർത്തിച്ചു വരുന്നതിനാലും മൃഗങ്ങളെ എത്തിച്ച് ചികിത്സിക്കുന്നതിനാവശ്യമായ പരിമിതമായ സ്ഥലസൗകര്യം മാത്രമേ ഡിസ്പെൻസറിക്ക് ഉള്ളൂ എന്നതിനാലും ഡിസ്പെൻസറിക്ക് മുകളിലായി എം.സിഎഫ് നിർമ്മാണം നടത്തിയിരിക്കുന്നത് കൊണ്ട് ഉദ്ദേശിച്ച പൂർണ്ണമായ പ്രയോജനം ലഭിക്കാതെ പോവുകയും ചെലവഴിച്ച തുക പൂർണ്ണമായും പ്രയോജനപ്പെടാതെ പോകുകയും ചെയ്തു .

തുടർന്ന് 2022-23 പദ്ധതിയിൽ അഞ്ചാം വാർഡിൽ ഒരു എം.സി.എഫ് സ്ഥാപിച്ചെങ്കിലും അനുബന്ധ സൌകര്യങ്ങൾ ഒന്നും ഒരുക്കാതെ ഭാഗികമായി കെട്ടിടം നിർമ്മിക്കുക മാത്രമാണ് ചെയ്തത്. മാത്രമല്ല 23 വാർഡുകൾ ഉള്ള ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരു വാർഡിൽ പോലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടില്ല.

2)ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിൽ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നില്ല .

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച സംവിധാനമാണ് ഹരിതകർമ്മസേന. മാലിന്യത്തെ വരുമാനം ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സ .ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. ഉത്തരവ് പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേനകളുടെ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും നേതൃത്വം നൽകേണ്ടതും ഗ്രാമപഞ്ചായത്താണ്. ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലായി നിലവിൽ 25 ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മാലിന്യ സംഭരണത്തിനും സംസ്കരണത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തേണ്ടതും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ ക്രമനമ്പർ ഒന്നിൽ സൂചിപ്പിച്ചതു പ്രകാരം മാലിന്യ ശേഖരണത്തിന് എം.സി.എഫ്/മിനി എം.സി.എഫ് സ്ഥാപിക്കാത്തത് സേനയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ അജൈവ മാലിന്യങ്ങളുടെ സംസ്കരണം, ഹരിതകർമ്മസേനയുടെ പ്രവർത്തനം തുടങ്ങിയവ വിലയിരുത്തിയതിൽ ഗ്രാമപഞ്ചായത്തിന്റെ ഇടപെടൽ ക്രിയാത്മകമല്ലെന്ന് കാണുന്നു. ഹരിത കർമ്മ സേന സംരംഭകർക്ക് കൃത്യമായി യൂസർ ഫീ ലഭിക്കുന്നതിന് വേണ്ട സാഹചര്യം ഒരുക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. ഇതിനായി പ്രദേശത്തെ വീടുകളും ഗ്രാമപഞ്ചായത്തും ഹരിത കൺസോർഷ്യവും ചേർന്ന് കരാർ വെയ്ക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. പഞ്ചായത്തിലെ മിക്ക വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും യൂസർഫീ സേനാംഗങ്ങൾക്ക് നൽകാതിരിക്കുകയും പ്ലാസ്റ്റിക് മാലിന്യങ്ങൾ സ്ഥാപനങ്ങളിൽ കെട്ടി വെക്കുകയും ചെയ്യുന്നത് മൂലം അംഗങ്ങൾക്ക് തുച്ഛമായ യൂസർഫീ മാത്രമാണ് ലഭിക്കുന്നത്. യൂസർ ഫീ നൽകുന്നതിന് വിമുഖത കാണിക്കുന്ന വീടുകൾ, സ്ഥാപനങ്ങൾ എന്നിവക്കെതിരെ യാതൊരു നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

3. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പദ്ധതി പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി 204900/- രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട് . ഇതു പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള ലാപ്ടോപ്പ് ലഭ്യമാക്കുന്നതിനും വീടുകളിൽ ക്യൂ.ആർ കോഡ് പതിക്കുന്നതിനുമായി കെൽട്രോണിന് തുക നൽകുന്നതിനുമാണ് മേൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് കാലയളവ് വരെ 3 വാർഡുകളിൽ മാത്രമാണ് ക്യൂ.ആർ കോഡ് പതിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്.

4. കൈയ്യൊഴിയുന്ന റിജക്ടഡ് വേസ്റ്റ് സ്ഥാപനം എങ്ങനെ സംസ്കരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നില്ല .

വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങളിൽ റിജക്ടഡ് വേസ്റ്റ് ആയവ സംഭരണ കേന്ദ്രത്തിൽ നിന്നും സംസ്കരണത്തിനായി നീക്കം ചെയ്യുന്ന പ്രവർത്തി നടത്തുന്നതിനായി ഗ്രീൻ വേംസ് എക്കോ സിസ്റ്റം എന്ന സ്ഥാപനവുമായി വി.ഇൗ.ഒ. 12.10.21 ന് എഗ്രിമെന്റ് വെച്ചിട്ടുണ്ട്. രണ്ടു വർഷമാണ് എഗ്രിമെന്റിന്റെ കാലാവധി. കിലോ ഗ്രാമിന് 5.75 രൂപയാണ് നിരക്ക്. ഗ്രാമപഞ്ചായത്തിൽ നിന്ന് തൂക്കമെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വെച്ചാണെന്നും ഉള്ള വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. കരാർ ഏറ്റെടുത്ത സ്ഥാപനം മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും ഗ്രാമ പഞ്ചായത്തിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്.

അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് പൗരന്മാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക വഴി അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറച്ചുകൊണ്ടുവരിക, ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുക, ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിക്കുക മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നമ്പർ - 118/22-23

പദ്ധതി അടങ്കൽ - 10,00,000/-

ചെലവ് - 10,00,000/-

ബിൽ നമ്പർ/തിയ്യതി – 58/24.05.2022

2021-22 വർഷം നടപ്പിലാക്കിയ ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം 9 ഭിന്നശേഷിക്കാർക്ക് 1,20,000/- രൂപ വില വരുന്ന മോട്ടോറൈസ്ഡ് വീൽചെയറുകൾ വാങ്ങി നൽകിയിട്ടുണ്ട്.

ബാംഗ്ലൂരിലെ ഓസ്ട്രിച്ച് മൊബിലിറ്റി ഇൻസ്ട്രുമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ് വീൽചെയറുകൾ വാങ്ങിയിട്ടുള്ളത്. ഈ സ്ഥാപനത്തിന്റെ 17.03.2022 ലെ ഇൻവോയ്സ് നം. 897 പ്രകാരം 10,80,000/- രൂപ കമ്പനിക്ക് നൽകേണ്ടതുണ്ട്.

10,00,000/- രൂപ അടങ്കൽ തുകയായി 2021-22 വർഷത്തിൽ രൂപീകരിച്ച പദ്ധതിയാണിത്.

24.05.2022 ൽ പ്രൊജക്ട് നമ്പർ 118/21-22 പ്രകാരം വികസന ഫണ്ടിൽ നിന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർ 10,00,000/- രൂപ നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ.

1. 10,00,000/- രൂപ അടങ്കൽ വെച്ച പദ്ധതിക്ക് ചെലവ് 10,80,000/- രൂപ വന്നിട്ടും, പ്രൊജക്ട് റിവൈസ് ചെയ്തിട്ടില്ല.

2. കമ്പനിയിൽ നിന്നും ഇ.എം.ഡി/ സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമല്ല.

3. 24.05.2022 ൽ 10,00,000/- രൂപ കമ്പനിക്ക് നൽകിയപ്പോൾ ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല.

4. കമ്പനിക്ക് നൽകാനുള്ള ബാക്കി തുകയായ 80,000/- രൂപ നൽകുന്നതിനെക്കുറിച്ച് നാളിതുവരെയായി ബന്ധപ്പെട്ടവർ ഒരു തീരുമാനവും എടുത്തതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 19/2022-23 തിയ്യതി 26.07.2023)

1-25 പഠനമുറി - ഗുണഭോക്താവിന് ആദ്യഗഡു ലഭിച്ചിട്ടില്ല

പ്രൊജക്റ്റ് നമ്പർ- 48/22

അടങ്കൽ- 7,00,000

ചെലവ്- 7,00,000

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി പ്രകാരം 11 ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു നൽകുകയും രണ്ടു പേർക്ക് രണ്ടാമത്തെ ഗഡു നൽകുകയും, ആകെ 7 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ രേഖകൾ പരിശോധിച്ചതിൽ ആദ്യഗഡു നൽകിയിട്ടുള്ളതിൽ, ശ്രീ സത്യൻ, കോയിലോത്ത് കണ്ടി, ഇച്ചാട് ഉണ്ണികുളം എന്ന ഗുണഭോക്താവിനെ അദ്ദേഹത്തിന്റെ തന്നെ ബാങ്കിലെ അക്കൗണ്ട് സംബന്ധമായ പ്രശ്നങ്ങൾ മൂലം ആദ്യ ഗഡുവായ 50,000/- രൂപ നാളിതുവരെയായി അദ്ദേഹത്തിന് ലഭിച്ചിട്ടില്ല എന്നറിയുന്നു. രേഖകൾ പ്രകാരം ട്രഷറി ഈ തുക ഗവൺമെന്റിലേക്ക് തിരിച്ചയച്ചതായും അറിയിച്ചിട്ടുണ്ട്. തുക സമയബന്ധിതമായി ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആകാത്തത് ശ്രദ്ധിച്ച് നടപടിയെടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും തുക തിരികെ ലഭ്യമാക്കി ഗുണഭോക്താവിന് നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 22/2022-23 തിയ്യതി 26.07.2023)

1-26 സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ - ആർട്ട് കോയുടെ പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത ഫർണിച്ചറുകൾ ടെണ്ടർ നടപടിക്രമം ഇല്ലാതെ വാങ്ങി.

പ്രൊജക്ട് നമ്പർ - 123/22-23

അടങ്കൽ - 2,40,000/-

ചെലവ് - 2,39,660/-

പഞ്ചായത്തിലെ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങുന്നതിനായി ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം 12 സ്റ്റീൽ അലമാരയും ഫൈബറിന്റെ കയ്യുള്ള 133 കസേരകളും വാങ്ങുകയും, സ്കൂളുകൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ടെണ്ടർ നടപടികൾ ഒഴിവാക്കി ആർട്ട്കോയിൽ നിന്നുമാണ് ഫർണിച്ചറുകൾ വാങ്ങിയിട്ടുള്ളത്. ആയതിന് 2,39,660/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ആർട്ട്കോയെ ടെണ്ടർ നടപടികളിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവിൽ, ഉത്തരവിനോട് അനുബന്ധമായി നൽകിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ട സാധനങ്ങൾ, അതേ വിലയിൽ തന്നെ വാങ്ങണമെന്നും , പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫരണിച്ചറുകൾ വാങ്ങുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് വാങ്ങുന്ന ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ് എന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ വാങ്ങുന്ന വിലയുടെ 50 ശതമാനത്തിൽ അധികരിക്കാത്ത ഫർണിച്ചറുകൾ ആർട്ട്കോയ്ക്ക് നൽകാൻ അനുവദിച്ച് കൊണ്ടുള്ള 08.12.2006 ലെ ജി.ഒ. എം.എസ്. നം.1/2016/ എസ്.പി.ഡി. ഉത്തരവ് ഹെഡ് മാസ്റ്റർക്ക് ആർട്ട്കോ നൽകുകയാണ് ചെയ്തിട്ടുള്ളത്. ഈ ഉത്തരവിന്റെയടിസ്ഥാനത്തിലാണ് ഫർണിച്ചറുകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ ഈ ഉത്തരവ് ഇപ്പോൾ നിലവിലില്ല.

ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ പതിയേണ്ടതും വ്യക്തത വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 21/2022-23 തിയ്യതി 26.07.2023)

1-27 ബഡ്സ് സ്കൂൾ - ചുറ്റുമതിൽ നിർമ്മാണം സംബന്ധിച്ച്

ബഡ്സ് സ്കൂൾ ചുറ്റു മതിൽ നിർമ്മാണം

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായുള്ള സ്ഥലം പരിശോധനയിൽ 25.07.23ന് ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ പരപ്പിലുള്ള ബഡ്സ് സ്കൂൾ സന്ദർശിക്കുകയുണ്ടായി. 42 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ ഉള്ള ബഡ്സ് സ്കൂളിന് സാമാന്യം ഭേദപ്പെട്ട കെട്ടിടമാണ് ഉള്ളത്. എന്നാൽ ഇത്രയും കുട്ടികളെ സ്കൂൾ സമയത്ത് സംരക്ഷിക്കുന്നതിനും പരിചരണത്തിനുമായി ഒരു ടീച്ചറും ആയയും മാത്രമാണുള്ളത്. കൂടാതെ സ്കൂളിന്റെ ചുറ്റുമതിൽ ഭാഗികമാണ് എന്നും കണ്ടു.

പഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ശ്രദ്ധ പതിയേണ്ട മേഖലകളിൽ ഒന്നായ ബഡ്സ് സ്കൂളിന് ഒരു ടീച്ചറിന്റെ സേവനം കൂടി ലഭ്യമാക്കാനും ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1-28 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല

ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2022-23 ചെലവ് പത്രിക, വിവിധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിനായി അംഗീകാരം വാങ്ങിയിട്ടുള്ള ചില പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിച്ചതായി കാണുന്നു. 21-22 വർഷത്തിൽ സ്പിൽ ഓവർ ആയി വന്നിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ 22-23 വർഷവും നടപ്പിലാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു

| പ്രോജ. നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|
| 72/22-23 | ശാന്തിനഗർ നായാട്ടുകുന്ന് റോഡ്ടാറിംഗ് | 30000 | തനത് ഫണ്ട് |
| 74/22-23 | നായാട്ടുകുന്ന് നടപ്പാത കോൺക്രീറ്റിംങ് | 100000 | മെയിന്റനൻസ് ഫണ്ട് . റോഡ് |

| | | | |
|---|---|---|---|
| 80/22-23 | പഞ്ചായത്ത് ഓഫീസ് ടോയ്ലറ്റ് നവീകരണം | 200000 | സംസ്ഥാനാവിഷ്ക്കൃതഫണ്ട്. |
| 81/ 22-23 | കക്കാട് കുടിവെള്ളപദ്ധതി മോട്ടോർ | 150000 | ധനകാര്യകമ്മീഷൻ അവാർഡ്. |
| 92/22-23 | ഹോമിയോഡിസ്പെൻസറി റീടൈയിനിംഗ് വാൾ നിർമ്മാണം | 363455 | ടി |
| 101 /22-23 | അപ്പാടംകണ്ടി തടായി റോഡ് | 200000 | തനത് ഫണ്ട് (50000) മെയിന്റനൻസ് ഫണ്ട് (റോഡ്) 150000 |

അതാത് വർഷം ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ട പ്രോജക്ടുകൾ സ്പിൽ ഓവർ ആവുന്നതിന്റെയും ഇതേ പ്രോജക്ടുകൾ തുടർ വർഷങ്ങളിലും നടപ്പിലാക്കാതെ പോവുന്നതിന്റെയും രണ്ടു വർഷങ്ങളിലും ഫണ്ട് പാഴാക്കിയതിന്റെയും കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-29 പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം-നടപടികൾ സ്വീകരിക്കുന്നില്ല.

പ്രൊജക്ട് നമ്പർ . 71/22-23 (SO)

പ്രൊജക്ട് : അംഗൻവാടികൾക്ക് ബേബി ഫ്രണ്ട്ലി ടോയ്ലറ്റ്

അടങ്കൽതുക : 1273058/-

ചെലവ് തുക- 949392

എം.ബുക്ക് : 566/20-21, 563/20-21/, 576/20-21

പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയ പരിധി: 9മാസം

ഗ്രാമപഞ്ചായത്തിൽ 22-23 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ മേൽ സൂചിപ്പിച്ച പൊതുമരാമത്ത് പ്രവർത്തിയുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1 പ്രകാരം സമയ പരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി ആരംഭിക്കാത്ത കേസുകളിൽ ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഉണ്ണികുളം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മേൽ പൊതുമരാമത്ത് പ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി പാലിക്കാതെ പ്രവൃത്തി നീട്ടിക്കൊണ്ടു പോയതായി കാണുന്നു. പ്രസ്തുത അവസരത്തിൽ കരാറുകാരനെതിരെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുശാസിക്കുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ വിശദാംശം ചുവടെ:

| | പ്രവൃത്തി സംബന്ധിച്ച നടപടികൾ | തിയ്യതി |
|---|---|---|
| 1 | ടെണ്ടർ | 8.11.19 |
| 2 | ഭരണസമിതി ടെണ്ടർ അംഗീകരിച്ചത് | 14.11.19 |
| 3 | സെലക്ഷൻ നോട്ടീസ് | 21.12.2019 |
| 4 | എഗ്രിമെന്റ് വെച്ചത് | 29.1.20 |
| 5 | സൈറ്റ് കൈമാറിയത് | 29 .1.20 |
| 6 | പ്രവൃത്തി ആരംഭിച്ചത് | 22.7.22എം.ബുക്ക് 576/ 20-21 പേജ് നമ്പർ 1) |

കരാർ വ്യവസ്ഥകൾ പ്രകാരം കരാറുടമ്പടി വച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി നടക്കുന്നതിനായി സ്ഥലം ഏറ്റുവാങ്ങുകയും സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവിടെ കരാർ പ്രകാരവും, മാന്വൽ പ്രകാരവും ഉള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു .

അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ കരാർ പ്രകാരവും, മാന്വൽ പ്രകാരവും നടപ്പിലാക്കുന്നതിലുള്ള വീഴ്ച മൂലം പദ്ധതികൾ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിലും പദ്ധതികൾ സ്പിൽ ഓവർ ആവുന്നതിനും ഇടയാക്കുന്നു . അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-30 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളിൽ ഭൂരിഭാഗം പ്രവൃത്തികളും പല കാരണങ്ങളാൽ പുതുക്കുന്നതായി കാണുന്നു. ഈ പദ്ധതികളിലെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രോജക്ട് തയ്യാറാക്കുകയും, നിർവ്വഹണ സമയം എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തി പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നു. ഇതിൽ നിന്ന് യഥാർത്ഥ ആവശ്യങ്ങൾ പരിഗണിച്ചല്ല പദ്ധതികൾ തയ്യാറാക്കുന്നതെന്നും യഥാർത്ഥ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലല്ല എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് എന്നും വ്യക്തമാണ്. 21.6.18 ലെ ഇ20/6699/2018.സി.ഇ/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്നും മുൻകൂർ അനുമതിയില്ലാതെ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തി പ്രവൃത്തി നിർവ്വഹണം നടത്താൻ പാടില്ല എന്നും നിർദ്ദേശിക്കുന്നുണ്ട്. ചില പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നു. ഉദാഹരണമായി (88/22-23) നെരോത്ത് അംഗൻവാടി പൂർത്തീകരണം പദ്ധതി (എം ബുക്ക് – 570/20-21 , 351/21-22) , 26.10.22 ന് പൂർത്തിയാക്കിയതായി മെഷർമെന്റ് ബുക്കിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. നടന്ന പ്രവൃത്തികൾക്കനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് ആയതിന് ശേഷം 22/2/23(1 /10)തീയതിയിലെ ഭരണസമിതി തീരുമാന പ്രകാരമാണ്.

ആവശ്യകതയ്ക്കനുസരിച്ച് മാത്രം പദ്ധതികൾ രൂപീകരിക്കേണ്ടതും, കൃത്യതയോടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്. പദ്ധതികൾ രൂപീകരിച്ച് നിർവ്വഹണ ഘട്ടത്തിൽ മാറ്റങ്ങൾ ഉൾപ്പെടുത്തുന്ന രീതി തുടരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പല പ്രവൃത്തികളും പരിശോധിച്ചാൽ വിഭാവനം ചെയ്യുന്ന മുഴവൻ പ്രവൃത്തികളും മുഴവൻ അളവിൽ നടപ്പാക്കുന്നില്ലായെന്ന് കാണാം. പ്രവൃത്തികൾ വിഭാവനം ചെയ്ത അളവിൽ ചെയ്യാതെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തുന്നതു വഴി പുതിയ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടി വരുന്നു. അതുമൂലം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പല പ്രവൃത്തികളും ഒഴിവാക്കേണ്ടിയും വരുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ അവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-31 അഡ്വാൻസ് ക്രമീകരിക്കുന്നതിലെ അപാകത

അഡ്വാൻസ് രജിസ്റ്റർ പ്രകാരം Advance To Contractors എന്ന ഇനത്തിൽ 89,110/-രൂപ ക്രമീകരിക്കാൻ ബാക്കിയുള്ളതായി കാണുന്നു. എന്നാൽ ഇത് എന്ന് ഏത് വർക്കിന് നൽകിയ അഡ്വാൻസ് ആണ് എന്ന് വ്യക്തമാക്കിയിട്ടില്ല. കൂടാതെ നൗഫൽ (ക്ലാർക്ക്) ന് നൽകിയ ഫെസ്റ്റിവൽ അഡ്വാൻസിൽ 2000/- രൂപ തിരിച്ച് ഈടാക്കാത്തതായി കാണുന്നു.

## 1-32 ഡെപ്പോസിറ്റ് രജിസറ്റർ ഓപ്പണിഗ് ബാലൻസ്- വിശദാംശങ്ങൾ ലഭ്യമല്ല.

ഡെപ്പോസിറ്റ് രജിസറ്റർ പ്രകാരം ചുവടെ കൊടുത്ത ഡെപ്പോസിറ്റുകളിൽ ഓപ്പണിഗ് ബാലൻസ് ആയി കാണിച്ച ഡെപ്പോസിറ്റുകൾ ഏത് കാലയളവിലെ എന്തിനായി ഡെപ്പോസിറ്റ് ചെയ്ത തുകയാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

| ഇനം | തുക |
|---|---|
| Contractors Retension | 113746 |
| Other Deposit | 75184 |
| Auction Deposit | 16067 |
| Other Deposit Revenue | 98000 |

അപാകത വിശദീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കരാർ വയ്ക്കാൻ കാലതാമസം. പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല

ജി.ഒ.(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പി.എ.സി യുടെ 1% പിഴ ഈടാക്കി ക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്റ്റിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്റ്റ് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പി.എ.സിയുടെ1% ഫൈൻ തുക |
|---|---|---|---|---|
| 1. | 71/22-23 (SO)അംഗൻവാടികൾക്ക് ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് അടങ്കൽ തുക : 1273058/- ചെലവ് തുക- 949392 | 21.12.2019 | റഫീഖ്.പി 79/AE/lsgd /uklm/19-20. 29.1.20 | 1023534.20 രൂപയുടെ (1%) തുക 10235 |

കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വയ്ക്കാൻ വൈകിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല . പിഴ ഈടാക്കാനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 3-2 പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

ഉണ്ണികുളം പഞ്ചായത്തിൽ 22-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് | ഓഡിറ്റ് വർഷത്തെ ചെലവ് | കരാറുകാരൻ, അഗ്രി. നമ്പർ, തിയ്യതി, എം. ബുക്ക് നമ്പർ | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 88/22-23 (So) നെരോത്ത് അംഗൻവാടി പൂർത്തീകരണം | 532222 (മെ.ഫണ്ട്. റോഡിതരം) ബിൽ നം.38/6.5.22. 80706 569/30.3.23 351516 ചെക്ക്നം. 56528 /30,3,23 100000 | അനുരാഗ്.വി.കെ 43/AE/l.s.g.d /uklm/21-22. 28.12.21 Mbook. 351 /21-22 570/20-21 | 6 മാസം 28.12.21 26.10. 22 | പി.എ.സി തുക 971268.16 രൂപയുടെ (3%) രൂപ 29138 |
| 2 | 76/22-23 സ്ലൂകളുടെ അറ്റകുറ്റപ്പണി | 388321 തനത് ഫണ്ട് ചെക്ക് നം. 6331938/26.5.22 തുക. 141807. ചെക്ക് നം. 3427154/3.11.22. തുക .246514 | ബഷീർ .പി.സി 52/AE/l.s.g.d /uklm/20-21 .2.11.20 Mbook. 501/ 20-21 326/21-22,330 /21-22 | 8മാസം 2.11.20 12.9.22 | പി.എ.സി തുക 400000 രൂപയുടെ (3%) 12000രൂപ |
| 3 | 71/22-23. അംഗൻവാടികൾക്ക് ബേബി ഫ്രണ്ട്ലി ടോയിലറ്റ് | 949392 ബിൽനം . 223/17.12.22. 176334 (മറ്റുള്ളവ) 222/17.12.22 773058 | റഫീഖ്.പി 79/AE/lsgd /uklm/19-20. 29.1.20 M.book.576/20-21, 566/20-21 , 563/20-21 | 9 മാസം 29.1.20 28.11.22 | പി.എ.സി തുക 1023534.20 രൂപയുടെ (3%) 30706 |
| | ആകെ | | | | 71844 |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഇവിടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ കാലാവധി നീട്ടിനൽകാൻ അപേക്ഷിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്ക ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽപ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണസമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല.

പിഴ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 18.07.2023 മുതൽ 26.07.2023 | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക വേണ്ടി തൻവർഷം ലഭിച്ച തുകയുടെ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 352000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 352000 | 0 |
| | 510000 | ക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് ഇൻസന്റീവ് | 510000 | 0 |
| | 50000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 50000 | 0 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 62500 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 62500 | 0 |
| | 1056000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 1056000 | 0 |
| | 200000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് | 200000 | 0 |
| | 250000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 250000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കുകൾക്ക് നല്കിയ തുകയുടെ വിവരം

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരം

ഇല്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ തൻവർഷം എടുത്തവായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവനപദ്ധതി 2018-19 | സ.ഉ 27/19 തീ.22/02/2019 | 0 | 14467999 | 2333700 | 0 | 12134299 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 97662 |
| തൻവർഷം നിക്ഷേപിച്ച തുക | 1006104 |
| ആകെ | 1103766 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1103766 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ.ഡി.സി ബാങ്ക്, ബാലുശ്ശേരി<br>എഫ്.ഡി നം. 015232<br>സർട്ടിഫിക്കറ്റ് നം.100121807520111 | 1103766 |
| ആകെ | 1103766 |

4-7 ഓഡിറ്റ് റിക്കവറി

ഈ വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ 167057/- രൂപയുടെ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2020-21 | 1-15 | 2500 | ജസ്ന. പി.ആർ | 1220200904/ 25.07.2022 |
| 2002-03 | 2-8 | 2500 | മാനേജർ, ഉണ്ണികുളം സർവീസ് കോർപറേറ്റീവ് ബാങ്ക് | 1220200949/ 30.07.2022 |
| 2002-03 | 2-8 | 2500 | മാനേജർ, സൌത്ത് ഇന്ത്യ ബാങ്ക് പൂനൂർ | 1220100595/30.07.2022 |
| 2018-19 | 1-13(7) | 3000 | മുഹമ്മദ് ബഷീർ | 1220200958/ 01.08.2022 |
| 2002-03 | 2-8 | 2500 | മാനേജർ എസ്.ബി.ഐ പൂനൂർ | 1220200969/01.08.2022 |

| | | | | |
|---|---|---|---|---|
| 2002-03 | 2-4 | 120 | സജി. പി | 1220200972/01.08.2022 |
| 2002-03 | 2-4 | 120 | ബാലകൃഷ്ണൻ | 1220200973/01.08.2022 |
| 2002-03 | 2-7 | 870 | എംപ്ലോയീസ് ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | 1220200974/01.08.2022 |
| 2019-20 | 1-22 | 2000 | കൺവീനർ കരുവാറ്റക്കുന്ന് | 1220200975/01.08.2022 |
| 2002-03 | 2-8 | 2500 | കേരള ഗ്രാമീണ ബാങ്ക് ഉണ്ണികുളം | 1220100568/21.07.2022 |
| 2019-20 | 1-24 | 112054 | സൂരജ്. കെ.കെ. | 1220100879/22.07.2022 |
| 2019-20 | 1-20 | 4939 | അബ്ദുൽ മജീദ്. പി.വി | 1220200881/22.07.2022 |
| 2018-19 | 1-8 | 2150 | ഷബ്ന പുതിയോട്ടിൽ | 1220200882/22.07.2022 |
| 2018-19 | 1-14 | 7984 | ജിനീഷ് പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ | 1220100578/23.07.2022 |
| 2020-21 | 1-15 | 2500 | ജിതിൻ ജോർജ് പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ | 1220100580/23.07.2022 |
| 2020-21 | 1-15 | 600 | ലാല്യ ഡ്രൈവർ, എൽ.എസ്.ജി.ഡി | 1220100581/23.07.2022 |
| 2016-17 | 2-3 | 9983 | അബ്ദുൽ സലാം | 1220100887/25.07.2022 |
| 1999-00 | 27 | 3148 | എ. കൃഷ്ണൻകുട്ടി | 1220200977/01.08.2022 |
| 2015-16 | 3-8 | 2000 | കൺവീനർ | 1220200978/01.08.2022 |
| 2002-03 | 1-2 | 1000 | കെ.പി അബൂബക്കർ, മുഹമ്മദ്, അബ്ദുറഹിമാൻ, കുഞ്ഞാലി. ടി.കെ | 1220200979/01.08.2022 |
| 2018-19 | 1-8 | 2089 | മെഹബൂബലി | 12202001009/03.08.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | റിമാർക്സ് |
|---|---|---|---|---|---|
| 1998-99 | | 2003-04 | 11.14 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. | |
| 1999-00 | ഖ 30 | 2003-04 | 11.13.2.1 | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല. | |
| 1999-00 | ഖ 32 | 2003-04 | 11.13.5.5 | മൈത്രി ഭവനപദ്ധതി | |
| 2001-02 | | 2003-04 | 11.14 | തെരുവു വിളക്ക് സ്ഥാപിക്കൽ -117360<br>മറ്റ് പരാമർശങ്ങൾ | |
| 2001-02 | 3.1 | | 2.70 1.8.6 | കുടിവെള്ള പദ്ധതികൾ | |
| 2001-02 | ഭാഗം 1 | 2005-06 | 2.70.1.11.16 | വൗച്ചറുകൾ രജിസ്റ്ററുകൾ കൃത്യമല്ല. | |
| 2001-02 | ഭാഗം 1 | 2005-06 | 2.70.1.12.4 | ഗ്രാമസഭ | |
| 2001-02 , 2001-02, | 2-1<br>2-2 | 2005-06 | 2.70.1.13.9 | തനത് വരവ് കാലഹരണപ്പെട്ടു. | |
| 2001-02 | | 2005-06 | 2.70.1.14.27. | നികുതി പിരിവ് അലംഭാവം | |
| 2002-03 | 3-13 | 2006-07 | 3.79.18.14 | കമ്മ്യൂണിറ്റി ഹാൾ പൂർത്തിയാക്കിയില്ല. | |
| | | 2011-12 അനുബന്ധം 9 | 3.2.7 | ആസ്തി രജിസ്റ്റർ പരിപാലനം | |
| | | | 3.2.6 | വർക്കിംഗ് ഗ്രൂപ്പ് | |

| | | | | | |
|---|---|---|---|---|---|
| | | | | പ്രവർത്തനം | |
| | | | 3.2.10 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ | |
| | | | 3.2.12 | മരാമത്ത് പണി കളുടെ നടത്തിപ്പ് | |
| | | | 3.2.13 | ഗുണഭോക്തൃ കമ്മിറ്റി മോണിറ്ററിംഗ് നടത്തിയിട്ടില്ല | |
| | | | 3.2.22 | അധികാര പരിധി ലംഘിച്ച് പ്രവൃത്തി നടത്തി | |
| 2012-13<br>2013-14 | 4-1 | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണം മാത്രം. | |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം (റസീറ്റ് ആന്റ് പെയ്മെന്റ് പ്രകാരം)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62637451 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58129410 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 82079 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2426668 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 10235 | ശ്രീമതി അഞ്ജലി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 71844 | ശ്രീമതി അഞ്ജലി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 238772 | ശ്രീ. സതീശൻ. സി.പി<br>സെക്രട്ടറി. |
| 1-19 | 802872 | ശ്രീമതി. മഞ്ജുള. പി<br>വി.ഇ.ഒ. |
| 1-20 | 66700 | ശ്രീ. അബ്ദുറഹിമാൻ.എം.കെ<br>ഹെഡ് മാസ്റ്റർ |
| 1-21 | 49800 | ശ്രീമതി. ശ്രീവിദ്യ.എം.കെ,<br>കൃഷി ഓഫീസർ. |
| 1-22 | 1268524 | ശ്രീമതി. അഞ്ജലി.പി, അസിസ്റ്റന്റ്<br>എഞ്ചിനീയർ. |

(ഇ)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | ഇനം | തുക |
|---|---|---|
| 1-8 | GST | 26728 |

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ജി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

ഇല്ല

(എച്ച്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരുവിവരം

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സതീശൻ. സി.പി, സെക്രട്ടറി | സെക്രട്ടറി ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | ചാലപ്പറ്റ ഉള്ള്യേരി(പി.ഒ.), കോഴിക്കോട് |
| ശ്രീമതി. മഞ്ജുള. പി വി.ഇ.ഒ | വി.ഇ.ഒ ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | ചാത്തഞ്ചേരി, പുന്നശ്ശേരി (പി.ഓ), നരിക്കുനി |

| | | |
|---|---|---|
| ശ്രീമതി.അഞ്ജലി.പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ഉണ്ണികുളം | ശിശിരം, ചിപ്പിലാട്ട്, മക്കട പി.ഒ, കക്കോടി, 673611 |
| ശ്രീമതി. ശ്രീവിദ്യ.എം.കെ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | മുരളീകൃഷ്ണ, കുരുവട്ടൂർ (പി.ഒ), 673611 |
| ശ്രീ. അബ്ദുറഹിമാൻ എം.കെ, ഹെഡ്മാസ്റ്റർ | ജി.എം.എൽ.പി സ്കൂൾ, ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | മുണ്ടോട്ടുകണ്ടി,പൂനൂർ, ഉണ്ണികുളം പി.ഒ |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.കെ.ഡി /പി3/945/1619/2022 (1) തീയതി. 15.12.2022 | 31 |
| 1999-00 | കെ.എസ്.എ/കെ.കെ.ഡി /പി3/945/1619/2022 (2) തീയതി. 15.12.2022 | 30,32 |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി /പി3/945/1619/2022 (3) തീയതി. 15.12.2022 | 3-1, 3-3, 3-4, 3-5, 3-6, 3-7, 4-9, 4-14 ബി |
| 2002-03 | കെ.എസ്.എ/കെ.കെ.ഡി /പി3/945/1619/2022 (5) തീയതി. 15.12.2022 | 2-9, 3-13, 3-12, 3-17 |
| 2006-07 | കെ.എസ്.എ/കെ.കെ.ഡി /പി3/185/2022 (1) തീയതി. 16.12.2022 | 1-3, 2-3(2), 3-19 |
| 2011-12 | കെ.എസ്.എ/കെ.കെ.ഡി /പി3/185/2022 (6) തീയതി. 16.12.2022 | 3-8, 3-10, 3-11 |
| 2012-13, 13-14 | കെ.എസ്.എ/കെ.കെ.ഡി /പി3/185/2022 (7) തീയതി. 16.12.2022 | 4-1 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി /പി3/185/2022 (9) തീയതി. 17.12.2022 | 3-1, 3-10 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി /പി3/185/2022 (10) തീയതി. | 2-2, 3-2(1,4,5,6), 3-26 |

| | | |
|---|---|---|
| | 17.12.2022 | |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി /പി3/185/2022 (11) തീയതി. 17.12.2022 | 3-6, 3-9 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി /പി3/185/2022 (12) തീയതി. 17.12.2022 | 1-11 (1), 1-11(3), 1-11(4), 1-11(5), 1-11(6), 1-12(2), 1-22, 1-23, 1-25 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി3 /2350/22 തീയതി. 06.04.2022 | 1-4, 1-14, 1-15, 1-19, 1-20, 1-23, 1-24, 1-25, 1-26, 1-28, 3-1, 3-2, 3-3, 4-10 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി3 /29/22 തീയതി. 16.04.22 | 1-9, 1-12, 1-15,1-16, 1-17, 1-18, 1-19, 1-20, 1-22, 1-23, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-34, 1-35, 1-36, 1-37, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 3-1, 4-10. |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/പി3 /2309/2022തീയതി.06.02.2023 | 1-1 മുതൽ 1-31 വരെയും 2-1, 3-1, 3-2, 3-3, 4-1 മുതൽ 4-10 വരെയും |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 23-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Unnikulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Unnikulam Grama Panchayat for the year 2022-2023

Date: 18/09/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Unnikulam Grama Panchayat for the Year 2022-2023.

**1.Major Observations**

The amount used for asset creation using paln fund are not transferred to Capital contribution financial year 2022-23 and is treated as Revenue income/expenditure. So the the panchayat fund shown in balance sheet does not indicates the actual financial status of the institution.

**2.Other Observations**

1) The mandatory Financial statements prescribed in accounting rules are not submitted for audit eg:- Ratios, Notes on Account.

2) Net increase in Cashflow does not match with the defference between the opening balance and clossing balance of cash and equaents.

3) Monthly Bank Reconciliation statement not prepared for Treasury TSB Account No.006

4) Cheques uncashed for more than 3 Months were not transferred to stale cheque account.

5) Demand registers of sale of tender form,Timber,Scrap and auction absolate asset are not kept/produced for audit.

6)Asset,stock registers are not maintained/ prepared as campare with accounts.

7) Lapses in making timely and accurate demand entries in respect of tax and non tax revenue.

8) Demand registers are not periodically reconciled with accounts.

9) Authenticated documents relating Unspent Beneficiary contribution in balance sheet not prodused/kept for audit.

10) The relevant details of deposits in the openig balance of deposit register are not produced for audit.

11) Details of advance given in the head of advance to Contractors are not produced/kept for audit.

12)The amount used for asset creation using paln fund are not transferred to Capital contribution financial year 2022-23 and is treated as Revenue income/expenditure. So the the panchayat fund shown in balance sheet does not indicates the actual financial status of the institution.

Deputy Director,
District Audit Office, Kozhikode

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്